# മലങ്കരസഭ

സെപ്തംബർ 2001

മാസിക



ഗോവയിലെ മാർ അൽവാറീസ് -
രാജ്യസ്നേഹിയും മനുഷ്യസ്നേഹിയും

ഇനിയും
മരിക്കുന്ന ഭൂമി



11-ാമത്തെ കല്പന
“ഭൂമിയെ നിന്ദിക്കരുത്”

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# വായനക്കാരുടെ കത്തുകൾ

## പ്രതിഫലം പറ്റിക്കൊണ്ടുള്ള "ഔദാര്യ" സേവനം

ജോലിക്ക് ശമ്പളം ലഭിക്കുന്നതുകൂടാതെ കൈക്കൂലി കിട്ടണം താനും; പക്ഷേ ചെയ്തുതരുന്നത് ഔദാര്യമാണെന്നു ധരിച്ചുകൊള്ളണം. ഈ മനോഭാവം സർക്കാരാഫീസുകളിൽ നിലവിലുള്ളത് പലർക്കും അറിയാം. പക്ഷേ ഈ മനോഭാവം പൊതുപ്രവർത്തനങ്ങളിൽ, പ്രത്യേകിച്ച് ആത്മീയമെന്നു കരുതപ്പെടുന്നിടത്ത് സ്ഥിരപ്രതിഷ്ഠ നേടിക്കൊണ്ടിരിക്കുന്നു എന്നു വന്നാലോ?

പുരോഹിത സ്ഥാനികൾക്ക് ഇന്ന് ഒരുവിധമൊക്കെ ജീവിതമാർഗ്ഗം കൂടി ലഭിക്കുന്നുണ്ട്. പക്ഷേ പ്രതിമാസം വേതനമായി കിട്ടുന്നതു കൂടാതെ, ഓരോ കാര്യത്തിനും പ്രത്യേക പ്രതിഫലം കൂടി പ്രതീക്ഷിക്കുന്നതും, അതു ലഭിച്ചു കഴിഞ്ഞിട്ടും, ചെയ്തുകൊടുക്കുന്നത് ഔദാര്യമാണെന്ന് നടിക്കുന്നതും അനീതിയാണ്, പാപമാണ്.

സഭവക കേസുകൾ വാദിക്കുവാൻ നിയോഗിക്കപ്പെടുന്ന വക്കീലന്മാർക്ക് ഭീമമായ തുക പ്രതിഫലം നൽകുന്നുണ്ടെന്നാണറിവ്. പക്ഷേ അവരുടെ പലരുടെയും ഭാവം, എന്തോ ഔദാര്യം ചെയ്തു തരുന്നു എന്നാണ്.

സഭവക നിർമ്മാണ പ്രോജക്ടുകൾക്ക് കൺസൾട്ടൻസി നൽകുന്ന പല വിദഗ്ധരും ഉണ്ട്. അവരും കൃത്യമായ പ്രതിഫലം പറ്റുന്നുണ്ട്. പക്ഷേ ചെയ്യുന്ന ജോലി ഔദാര്യം പോലെയാണ്. ചെയ്യുന്ന വികൃതികൾ ജനം സഹിക്കുകയും വേണം.ആർക്കും ഒന്നും മറിച്ചു ചോദിക്കാൻ വിശദീകരണം ആവശ്യപ്പെടുവാനും അനുവദിക്കാത്ത വില കൂടിയ ബാധ്യതകളെ നാം എത്ര നാൾ വഹിച്ചുപോകും നാം എന്തിനതു വഹിക്കണം?

പ്രതിഫലം വാങ്ങിയാൽ, ചെയ്തുകൊടുക്കുന്നത് നിയമവിധേയമായ ജോലിയെന്നും, ആ ജോലിയിൽ നിന്ന് പ്രതീക്ഷിക്കപ്പെടുന്ന പ്രയോജനം ഗുണഭോക്താക്കൾക്ക് കിട്ടാതെ പോയാൽ അതിന്റെ ഉത്തരവാദിത്തം അവർ തന്നെ ഏറ്റെടുക്കണമെന്നുള്ളത് സാമാന്യ നീതിയാണ്. ഔദാര്യത്തിന്റെ ഗുണഭോക്താക്കൾ എന്ന നിലയിൽ നിന്ന്, കൊടുക്കുന്ന വേതനത്തിന്റെ ഉപഭോക്തൃ അവകാശികൾ എന്ന തലത്തിലേക്കുള്ള ഒരു ബോധവൽക്കരണം ഇന്ന് ആവശ്യമാണ്. ബോധവൽക്കരണം പ്രത്യേകിച്ചൊന്നും ഇല്ലാതെ തന്നെ, അത്യാവശ്യബോധമുള്ളവർ മിണ്ടാൻ മടിക്കുന്നത് അജ്ഞതകൊണ്ടോ, ഭയംകൊണ്ടോ അല്ല, പിതാക്കന്മാർ ഓതിതന്നിട്ടുള്ള "ഗുരുത്വ" ചിന്തകൊണ്ടു മാത്രമാണ്. പക്ഷേ അവരും പറഞ്ഞു തുടങ്ങിയിരിക്കുന്നു, 'ഗുരുത്വം ഉള്ളവരിൽ നിന്നേ ഗുരുത്വശാപവും ഉണ്ടാകൂവെന്നു'.

**എം. കെ. കുര്യൻ പാമ്പാടി**

## അഞ്ചാം തുബ്ദേനേ കുറിച്ച്

I "മലങ്കരസഭയ്ക്ക് ഒരു അഞ്ചാം തുബ്ദേൻ" എന്ന ലേഖനത്തിലെ ആശയങ്ങളോട് പൂർണ്ണമായി യോജിക്കുവാൻ സാധ്യമല്ല.

"ഇവരുടെ മുൻപും ഇവരോടുകൂടെയും ഇവരുടെ പിമ്പുമുള്ള എല്ലാവരേയും ഞങ്ങൾ ഓർക്കുന്നു" എന്ന് പറഞ്ഞ് തുബ്ദേൻ അവസാനിപ്പിച്ചിരിക്കുന്നത്, കൂടുതൽ പേരുകൾ ചേർക്കുവാനുണ്ട് എന്നും കൂടുതൽ പേരുകൾ ചേർത്താൽ തന്നെയും പൂർണ്ണമാക്കുവാൻ സാധിക്കുകയില്ല എന്നുമുള്ള ബോധ്യത്തിൽ തന്നെയാണ്. 5-ാം തുബ്ദേൻ ചൊല്ലുമ്പോഴുള്ള പട്ടക്കാരന്റെ രഹസ്യപ്രാർത്ഥനയും "യാക്കോബു മുതൽ ഇന്നയോളം നിന്റെ സഭയിൽ സത്യവിശ്വാസം ഉറപ്പിച്ചിട്ടുള്ള ഞങ്ങളുടെ പിതാക്കന്മാരെ നീ ഓർത്തുകൊള്ളണമെ." എന്നു മാത്രമാണ്.

എന്റെ കൈവശമുള്ള "കോട്ടയത്തെ സുറിയാനി സിമ്മനാരി അച്ചു കൂട്ടത്തിൽ 1895-ൽ അടിയ്ക്കപ്പെട്ട "കുർബ്ബാനക്രമത്തിൽ 5-ാം തുബ്ദേൻ ഇപ്രകാരമാണ് ചേർത്തിരിക്കുന്നത്. "നിക്കിയായിലും കുസ്തന്തീനോസ് പോലീസിലും എപ്പെസ്സോസിലും ഉണ്ടായ മൂന്നു സുന്നെദോസിനെയും അവയിലുൾപ്പെട്ട സകല ശുദ്ധമുള്ള ബാവാന്മാരെയും ഞങ്ങൾ ഓർത്ത് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു."

വികുർബ്ബാനയുടെ ദൈർഘ്യം കുറയ്ക്കുവാൻ ആഗ്രഹിക്കുന്നവർ മുകളിൽ ചേർത്തിരിക്കുന്ന തുബ്ദേന്റെ ചുവടു പിടിച്ച് തുബ്ദേൻ ഒറ്റ വാചകത്തിൽ (ഇട ദിവസത്തെ വി. കുർബ്ബാനയിൽ) ചൊല്ലുന്നുണ്ട്.

**ഫാ. പി. എം. ജോൺ, മഞ്ഞക്കാല**

II 2001 ജൂലൈ ലക്കം മലങ്കരസഭയിൽ എം. കുര്യൻ തോമസ് എഴുതിയ ലേഖനത്തിലെ സ്തേഫാനോസ് വരെയുള്ള അപ്പോസ്തോലിക പിതാക്കന്മാർ എന്ന പദപ്രയോഗം തെറ്റാണ്. "അപ്പോസ്തോലിക പിതാക്കന്മാർ" എന്ന പദപ്രയോഗം തെറ്റാണ്. "അപ്പോസ്തോലിക പിതാക്കന്മാർ" എന്ന വിശേഷണം മാർ ഇഗ്നാത്തിയോസ്, മാർ ക്ലീമ്മീസ് മുതലായി ചുരുക്കം പേർക്കായി പ. സഭാപിതാക്കന്മാർ സംവരണം ചെയ്തിരിക്കുന്നതാണ്. സ്തേഫാനോസ് വരയുള്ള അപ്പോസ്തോലിക കാലത്തെ പിതാക്കന്മാർ എന്നാണ് ശരിയായി വരേണ്ടത്.

അതുപോലെ മലങ്കരയുടെ അഞ്ചാം തുബ്ദേനിൽ അത്യാവശ്യമായി ചേർക്കേണ്ടുന്ന ഒരു പേരുകൂടിയുണ്ട് മലങ്കരയിലെ പാശ്ചാത്യ പ്രൊട്ടസ്റ്റന്റ് കടന്നുകയറ്റത്തെ തുരത്തിയ. പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമൻ.

**ഫാ. ജോസി ജേക്കബ്, തൃശൂർ**

### ലേഖകന്റെ മറുപടി

അഞ്ചാം തുബ്ദേൻ ഓരോ പ്രാദേശിക പാരമ്പര്യമനുസരിച്ചു രൂപപ്പെട്ടതാണെന്നും, അവയ്ക്ക് വ്യത്യാസമുണ്ടെന്നും, മലങ്കരയിൽ സ്വന്തമായി ഒരു പാരമ്പര്യം ഉണ്ടായില്ലെന്നും, അപ്രകാരം ഒന്നുണ്ടാകണമെന്നുമായിരുന്നു. ഈ ലേഖകന്റെ വാദഗതി. കാലാകാലങ്ങളിൽ മാറ്റുക എന്നതല്ല. ഒരിക്കലായി അടിസ്ഥാനവിശ്വാസം ഉറപ്പിച്ചവരെ ചേർത്ത് സ്ഥിരപ്പെടുത്തുക എന്നതാണ് ഉദ്ദേശിച്ചത്.

1895 ലെ കുർബ്ബാനക്രമത്തിലേത്. തുബ്ദേനല്ല. തുബ്ദേൻ ചൊല്ലി നിർത്തുമ്പോൾ ജനം ചൊല്ലേണ്ടുന്ന പ്രതിവാക്യമാണ്. ഈ വിഷയത്തെപ്പറ്റി ബഹു. കോനാട്ട് ജോൺസ് ഏബ്രഹാം കത്തനാർ ഏതാനും വർഷം മുമ്പ് വിശദമായ ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നു.

ബ. ജോസി ജേക്കബ് കത്തനാർ സൂചിപ്പിച്ചിരുന്ന പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്യാസ്യോസ് അഞ്ചാമന്റെ പേര് പകർപ്പെഴുത്തിൽ വിട്ടുപോയതാണ്.

**എം. കുര്യൻ തോമസ്**


# മലങ്കരസഭ

ലക്കം 9, പുസ്തകം 57
സെപ്തംബർ 2001





## പത്രാധിപസമിതി

**പ്രസിഡന്റ്**
ഫീലിപ്പോസ് മാർ യൗസേബിയോസ്
Phone: (Off)0473 - 322243, (Res)325942

**വൈസ് പ്രസിഡന്റ്**
പൗലൂസ് മാർ മിലിത്തിയോസ്
ഫോൺ: 0488 - 523001

ചീഫ് എഡിറ്റർ
ഫാ.ഡോ. ജേക്കബ് കുര്യൻ
ഫോൺ: 0481 - 568046

**അംഗങ്ങൾ**
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. കെ.എം. ജോർജ്ജ്
ഫാ.ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
എ.കെ. തോമസ് *(സഭാ സെക്രട്ടറി)*
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

**മാനേജിംഗ് എഡിറ്റർ**
ഫാ.റ്റി.എ. ഇടയാടി
ഫോൺ: 0481 - 567421
e-mail: malankara@sanchamet.in

**സർക്കുലേഷൻ കൺസൾട്ടന്റ്**
ഒ.ജി. തരകൻ
ഫോൺ: 0481 - 572265

**ബിസിനസ്സ് മാനേജർ**
ഫാ. ഷൈജു കുര്യൻ
ഫോൺ: 0473 - 324255



### വരിസംഖ്യ

| | |
|---|---|
| **ഇന്ത്യയിൽ** | |
| ഒറ്റ പ്രതി | : 5 രൂപ |
| ഒരു വർഷം | : 60 രൂപ |
| 5 വർഷം | : 300 രൂപ |
| 10 വർഷം | : 600 രൂപ |
| **വിദേശത്തേക്ക്** | |
| ഒരു വർഷം | : 600 രൂപ |

*Cover Design: equations, Kottayam*


# CONTENTS
# ഉൾത്തുടിപ്പുകൾ


**എഡിറ്റോറിയൽ**

4 ഇനിയും മരിക്കുന്ന ഭൂമി - ഫാ. ഡോ. ജേക്കബ് കുര്യൻ

**പഠനം**

18 118-ാം സങ്കീർത്തനം - പി. സി. ഏബ്രഹാം, അങ്കമാലി

**പ്രഭാഷണവേദി**

22 പ്രവർത്തികൾക്ക് അനുയോജ്യമായ പ്രതിഫലം......... - ഫാ. ഏ. എം. വർഗീസ്, പന്തളം

**പുസ്തകാസ്വാദനം**

29 അറിവിന്റെ ഉറവുകൾ - റവ. ഫാ. കെ. വി. പോൾ

**ലേഖനങ്ങൾ**

6 മഹാനായ രാജ്യസ്നേഹിയും, മനുഷ്യ സ്നേഹിയായ......... - ഫാ. റ്റി. ഈ. ഐസക്ക്

7 യോഗ്യമായ സ്തുതി - ജെ. യേശുദാസൻ, നെടുമൺകാവ്

9 ഇന്നത്തെ സാഹചര്യത്തിൽ അവൈദികരുടെ പങ്ക് - സി.എം. സ്ക്കറിയ, വാഴൂർ

18 അർമേനിയൻ സഭ - വർഗീസ് ജോൺ, തോട്ടപ്പുഴ

**സ്ഥിരം പംക്തികൾ**

ധ്യാനപംക്തി, വായനക്കാരുടെ കത്തുകൾ, പഠനവേദി, പ്രതിമാസ ചിന്തകൾ, ബാലസഭ, വാർത്തകൾ, ബൈബിൾ പഠനം, ബൈബിൾ പദപ്രശ്നം,



ദേവലോകം, കോട്ടയം - 686 038. ഫോൺ: 0481 - 573234
e-mail: malankara@sancharnet.in

എഡിറ്റോറിയൽ

# ഇനിയും മരിക്കുന്ന ഭൂമി

## ഫാ. ഡോ. ജേക്കബ് കുര്യൻ

'ഇനിയും മരിക്കാത്ത ഭൂമി' എന്ന് ഭൂമിക്കു ചരമഗീതം പാടിയവരോടും, ആശങ്കയ്ക്കുവകയില്ല എന്ന് സമാധാനിപ്പിക്കുന്ന മാധ്യമ-വിദഗ്ധരോടും, ഭൂമിക്ക് ഒന്നേ പറയുവാനുള്ളൂ, ഈ പോക്കുപോയാൽ, താൻ ഇനിയും മരിക്കും! ഭൂമിയുടെ ചങ്കു പൊട്ടി ഒഴുകാൻ തുടങ്ങിയത്, അനേകായിരങ്ങളുടെ ഹൃദയം കുത്തിക്കീറി കണ്ണീർ ചാലായി പ്രവഹിച്ചിട്ടും നമുക്കിന്നു പറയാൻ പറ്റുമായിരിക്കും, 'അതൊക്കെ അങ്ങനെ കിടക്കും' എന്ന്.

അഭൂതപൂർവ്വമായ വെള്ളപ്പൊക്കകെടുതികൾ; കാലാവസ്ഥയുടെ അതിശീഘ്രമാറ്റങ്ങൾ; ഭൂമിയിൽ വിള്ളലുകൾ; കിണറുകൾ താഴുന്നത്; ഭൂമിക്കടിയിൽ നിന്ന് ഭീകര ശബ്ദങ്ങൾ; നിറമുള്ള മഴ; ഗന്ധകപ്പുക; ഇതൊക്കെ ഇന്ന് സാധാരണ ജീവിതത്തെ സ്പർശിച്ചുകൊണ്ടിരിക്കുന്നു.

യുഗാന്ത്യത്തിന്റെ ലക്ഷണമായി യേശുതമ്പുരാനും, പ്രവാചകന്മാരും പറഞ്ഞത് യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു എന്നു മാത്രം പറഞ്ഞാൽ മതിയോ? യുഗാന്ത്യത്തെക്കുറിച്ചുള്ള സൂചനകൾക്കൊപ്പം യേശുതമ്പുരാൻ പറഞ്ഞത് 'ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ' എന്നാണ്. ഉണരുവാനും, പ്രാർത്ഥനാജീവിതത്തിൽ ബലപ്പെടുവാനുമുള്ള അടിയന്തരാവശ്യത്തെ ഒരു നിയമാനുസൃത മുന്നറിയിപ്പുമാത്രമായി സഭകളും സമൂഹങ്ങളും കരുതുന്നുവെന്ന് തോന്നിപ്പോകുന്നു.

'ഉണരുക' എന്നു പറഞ്ഞാൽ മൗലികമായ ചില സമീപനങ്ങളാണ് അതിൽ ഉൾക്കൊള്ളുന്നത്. "പ്രാർത്ഥിക്കുക" എന്നു പറഞ്ഞാൽ വേദപുസ്തകം കൈയ്യിൽ പിടിച്ചു പ്രാർത്ഥനാകൂട്ടങ്ങളിൽ മാറിമാറിപ്പോകുക എന്നുള്ളതിലും ഉപരിയായ ഒരു ആരാധനാസാക്ഷ്യമാണ് അർത്ഥമാക്കുന്നത്.

മനുഷ്യന്റെ പരിസ്ഥിതിയോടുമുള്ള സമീപനത്തിലും, സാമ്പത്തികനേട്ടം മാത്രം ലക്ഷ്യമാക്കിയുള്ള സാമൂഹ്യ നിലപാടുകളിലും മൗലിക മാറ്റം വരുത്തുകയാണ് "ഉണരുക" എന്നു പറഞ്ഞാൽ. മനുഷ്യന്റെ, പരിസ്ഥിതീ സമീപനത്തിലെ പാളിച്ചകളും, പാകപ്പിഴകളുമാണ് ഭൂമിയുടെ മരണ പരാക്രമങ്ങൾക്ക് കാരണം എന്ന് എല്ലാവരും സമ്മതിച്ചു കഴിഞ്ഞു. ഭൂമിയുടെ ഈ മരണ പരാക്രമത്തെ ഉപമിക്കുവാൻ പറ്റുന്നത്, സ്വന്തം അമ്മയെ വിഷം കൊടുത്തോ, ഉപദ്രവിച്ചോ അപായപ്പെടുത്തുന്ന മക്കളുടെ ക്രൂരതയ്ക്കുമുമ്പിൽ, 'എന്നിട്ടും ഞാൻ നിങ്ങളെ സ്നേഹിക്കുന്നു' എന്നു പറയുവാൻ ശ്രമിക്കുന്ന അമ്മയോടാണ്. ഈ വസ്തുതയിലേക്ക് വെളിച്ചം വീശുന്നവയാണ് "പരിസ്ഥിതിയുടെ ആത്മീയത" എന്ന പേരിൽ കഴിഞ്ഞ ഒരു വർഷമായി പ്രൊഫ. കെ.പി. ജോയി ഈ പ്രസിദ്ധീകരണത്തിൽ എഴുതുന്നത്. ആഗോളതലത്തിലും, പ്രാദേശികതലങ്ങളിലും നമുക്ക് ഉണരാൻ കഴിയുന്ന അനേകം കാര്യങ്ങളെക്കുറിച്ച് നമുക്കറിയാം. എങ്കിലും പലതും നടപ്പിലാക്കുന്നില്ല. അമേരിക്കയെപ്പോലുള്ള വികസിത രാജ്യങ്ങളാണ് തങ്ങളുടെ സാമ്പത്തിക നേട്ടങ്ങളുടെ മായിക പ്രപഞ്ചത്തിൽ നിന്ന് ഉണരാൻ മടിക്കുന്നത്.

പ്രപഞ്ചസന്തുലിതാവസ്ഥയെ പ്രതികൂലമായി ബാധിക്കുന്ന വികസന പദ്ധതികളും നിർമ്മാണ പദ്ധതികളും വേണ്ടെന്നു വയ്ക്കുക എളുപ്പമല്ല. മണ്ണുമാറ്റലും മണൽവാരലും അണക്കെട്ടുകളും വരുത്തുന്ന വെല്ലുവിളികൾ ചെറുതല്ല. വാഹനങ്ങളും ഫാക്ടറികളും, പ്ലാസ്റ്റിക്ക് വേസ്റ്റും വരുത്തുന്ന വിഷ പ്രസാരണം ഭയങ്കരമാണ്-തൽക്കാലം വേദനാപൂർവ്വമായ ചില നിയമനിർമ്മാണങ്ങളും നടപടികളും ഉണ്ടാകണമെങ്കിൽ ജനസമൂഹങ്ങൾ ഉണരണം. സമ്മർദ്ദം ചെലുത്തണം. സഭകൾക്ക് ഇക്കാര്യത്തിൽ അടിയന്തരമായി ചെയ്യുവാൻ പലതുമുണ്ട്.

പരിസ്ഥിതി - രമ്യമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കൃഷി, ഭക്ഷണ രീതി, പാചകരീതി, ആരോഗ്യപരിചരണം, സുഖജീവിതഉപാധികൾ, മുതലായ ഒട്ടനവധി കാര്യങ്ങളെക്കുറിച്ചുള്ള പുതിയ കാഴ്ചപ്പാടുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതിനൊക്കെ സഭകളും സമാന താല്പര്യങ്ങളുള്ള പ്രസ്ഥാനങ്ങളും ചേർന്നു പ്രവർത്തിക്കുവാൻ ബൃഹത്തായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടകാലം വൈകിപ്പോയിരിക്കുന്നു.

ചുരുക്കത്തിൽ 'ഉണരുവാൻ' നാം വൈകുന്നു. പിന്നെങ്ങനെ, ആത്മാവിലും സത്യത്തിലും ഉള്ള ആരാധനാസാക്ഷ്യം നമുക്കു നിറവേറ്റുവാൻ കഴിയും? ഇങ്ങനെ തുടർന്നാൽ, ഇനിയും ഭൂമി മരിക്കും, എന്നു പറയുന്നത് ചരമഗീതമായിട്ടല്ല, ഉണർത്തുപാട്ടായി മാറ്റുവാൻ മാത്രം.



# BISHOP WALSH MEMORIAL HOSPITAL

Dear Friends,

The Bishop Walsh Memorial Hospital is one of the service projects of the Christu Sishya Ashram, Thadakam. This Ashram was started in 1936 by Mrs & Bishop Herbert Pakenham Walsh and two of their students in Bishop's College, Culcutta M/s K.C. Varghese and T.O. Mathew. It is the first mission centre of our church in the region outside Kerala. Bishop Walsh was a man of prayer and many people were helped through his prayers.

From the very beginning, the Ashram undertook Social upliftment programmes which included health service and the hospital is the continuation of the healing ministry. It serves patients from neighbouring 24 villages, and financially backward people who cannot afford to go for expensive medical care in the city. This is mainly a rural medical centre with minimum facilities. During the last year, we rendered services to 1131 inpatients and 15,000 outpatients and the number is daily increasing. So, we are obliged to expand and improve the service especially in regard to Orthopaedics & OG, as the cost of the implant based Orthosurgery and the delivery charges are very high in corporate hospitals. Our medical team under the efficient and committed leadership of Dr. C.K. Ben Selvan, M.S. is doing yeomen service to the suffering people. We get the assistance of consultant doctors from the city as well, and when needed.



THE PRESENT LABOUR ROOM, REGISTRATION AND GENERAL WARD

We are launching upon our development project, a new block which will have doctor's consultation rooms, general ward, labour room, Operation theatre, Casualty, Pharmacy, Recovey Room, ICU. The estimated cost of the scheme is Rs. 50 lakhs, of which we need Rs. 25 lakhs urgently to complete the first phase.

We earnestly request your good self for your prayerful support and participation in this much needed noble work among the poor. We request you to sponsor any of the needed items and we will thankfully acknowledge your help by installing suitable name plates as memorials in he case of deceased dear ones or as individual or family donation. You may draw cheques or drafts in the name of M/s Christu Sishya Ashram (SBA/c No. 3574) or Bishop Walsh Memorial Hospital building fund (SB A/c No. 4148 The souh Indian Bank, Saibaba Colony). Your donations, however small or large will be thankfully accepted and faithfully used for the purpose with meticulous care. May God bless you.

"God loves a cheerful giver" II Corinth 9:7

**H.G. Philipos Mar Eusebius**

**Visitor - Metropolitan**

# ക്രൈസ്തവർക്കെതിരെ 417 ആക്രമണങ്ങൾ

ന്യൂഡൽഹി:- രാജ്യത്ത് 1999 മുതൽ ക്രൈസ്തവർക്കെതിരെ 417 ആക്രമണങ്ങൾ നടന്നിട്ടുണ്ടെന്ന് ആഭ്യന്തര സഹമന്ത്രി ഐ.ഡി. സ്വാമി ലോക്സഭയിൽ അറിയിച്ചു. ഈ ആക്രമണങ്ങൾ 33 പേർ കൊല്ലപ്പെട്ടു. 283 പേർക്ക് പരിക്ക് ഏൽക്കുകയും ചെയ്തു. ഗുജറാത്തിൽ ആണ് ഏറ്റവും അധികം അക്രമങ്ങൾ ഉണ്ടായത്; 65 തമിഴ്നാട് (62), കേരളം (55), ഒറീസ്സാ (50), എന്നിവയാണ് അടുത്ത സ്ഥാനങ്ങളിൽ. ഈ കണക്ക് കേസു രജിസ്റ്റർ ചെയ്തതുമാത്രമാണ്. അനൗദ്യോഗികമായി ആയിരത്തിനടുത്ത് പീഢനങ്ങൾ ഉണ്ടായതായി പറയപ്പെടുന്നു.

# മിഷണറി സ്ക്കൂളുകളും കണക്കെടുപ്പും

**- ഓർത്തോലൈൻ ന്യൂസ് സർവ്വീസ്**

കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം മിഷണറി സ്ക്കൂളുകളുടെ കണക്കെടുക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു. നമ്മുടെ രാഷ്ട്രീയ രംഗത്ത് എഴുപതുകൾക്കു ശേഷം വിദ്യാഭ്യാസത്തെ ഗൗരവബുദ്ധിയോടെ സമീപിക്കുന്ന ഒരു ഭരണകൂടം ഉണ്ടായിട്ടുള്ളത് ബി.ജെ.പി. ക്ക് കീഴിലാണ്. കേന്ദ്ര സർക്കാരിന്റെ ഇടപെടൽ പ്രൈമറി വിദ്യാഭ്യാസമേഖലയിൽ പ്രകടമായി ഉണ്ടാകുന്നതും ഇതാദ്യമാണ്.

കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് വിദ്യാഭ്യാസമേഖലയിൽ

ശേഷം 25-ാം പേജിൽ

പ്രതിമാസചിന്തകൾ VII

# സമയം എങ്ങനെ കാര്യക്ഷമമായി വിനിയോഗിക്കാം

## ഗുരുജി

തെരഞ്ഞെടുക്കപ്പെട്ട ഹൈസ്ക്കൂൾ പ്രതിഭകൾക്ക് വ്യക്തിത്വ വികസനത്തെക്കുറിച്ച് ക്ലാസ്സെടുക്കാൻ എത്തിയ പ്രസിദ്ധനായ ഒരു പരിശീലകൻ ഇങ്ങനെയാണ് തുടങ്ങിയത്. "കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഞാൻ ഒരു പ്രാവശ്യം തനിച്ച് കേരളത്തിൽ നിന്നു കാശ്മീർ വരെ നടന്നു പോയി. 23 ദിവസങ്ങൾ കൊണ്ടാണ് ഞാനീ ദൗത്യം പൂർത്തിയാക്കിയത്. നിങ്ങൾക്കിതിനു കഴിയുമോ?" അസാദ്ധ്യം എന്ന ഭാവേന എല്ലാവരും നിഷേധാർത്ഥത്തിൽ തലയാട്ടി. പരിശീലകൻ തുടർന്നു. "ഞാനെങ്ങനെയാണിത് സാധിച്ചതെന്ന് നിങ്ങൾക്കറിയണമോ? ഓരോ ദിവസവും രാവിലെ പ്രഭാത സവാരിക്കായി ഞാൻ 5 കി. മീ. നടക്കുന്നു. മഴയോ, കാറ്റോ, വെയിലോ വന്നാലും ഞാനതു മുടക്കാറില്ല. അങ്ങനെ ഒരു വർഷം ഞാൻ 1820 കി. മീ. നടക്കുന്നു. രണ്ടു വർഷം കൊണ്ട് 3640 കി.മീ. കേരളത്തിൽ നിന്ന് കാശ്മീർ വരെയുള്ള ദൂരം. ഒരുദിവസം 45 മിനിട്ടാണ് ഞാനിതിന് ഉപയോഗിച്ചത്. അങ്ങനെ 3640 കി. മീ. നടക്കാൻ ഞാനെടുത്തത് 540 മണിക്കൂർ. അതായത് 23 ദിവസം മാത്രം". യാഥാർത്ഥ്യബോധം തിരിച്ചു കിട്ടിയ കുട്ടികളോടദ്ദേഹം പറഞ്ഞു. "എനിക്കിതു കൊണ്ടുണ്ടായ നേട്ടം എന്താണെന്നു നിങ്ങൾക്കറിയണമോ. എന്റെ രക്ത സമ്മർദ്ദം കുറഞ്ഞു. കോളസ്റ്ററോളിന്റെ അളവ് നിയന്ത്രണത്തിലായി. ദിവസം മുഴുവൻ ഞാൻ കൂടുതൽ ഉന്മേഷവാനായി".

ജീവിത വിജയത്തെ സംബന്ധിച്ച വലിയ ഒരു തത്വമാണ് പരിശീലകൻ സ്വന്തം അനുഭവത്തിലൂടെ വിവരിച്ചത്. സമയത്തെ അല്പം ബുദ്ധി പരമായി പ്ലാൻ ചെയ്താൽ മാത്രം മതി. അസാദ്ധ്യമെന്നു നാം കരുതുന്ന പല കാര്യങ്ങളും സാദ്ധ്യമാകുന്നതായി മനസ്സിലാകും.

സമയം ദൈവത്തിന്റെ ഒരു വലിയ ദാനമാണ്. ഇതു മാത്രമാണ് ദൈവം ഒരേ അളവിൽ എല്ലാവർക്കും വീതിച്ചു നൽകിയിരിക്കുന്നത്. അമേരിക്കൻ പ്രസിഡന്റിന് നൽകിയിരിക്കുന്ന അതേ അളവിൽ, ദിവസം 24 മണിക്കൂർ വച്ച്, നമുക്കും നൽകിയിരിക്കുന്നു. വിവേചനം ആരോടും കാണിച്ചിട്ടില്ല. ഇതു കൂട്ടാനോ കുറയ്ക്കാനോ ആർക്കും സാദ്ധ്യവുമല്ല. പക്ഷേ കിട്ടിയിരിക്കുന്ന സമയം എങ്ങനെ വിനിയോഗിക്കുന്നു എന്നതാണ് പ്രധാനം. സമയം ചിട്ടയോടെ, പടിപടിയായിട്ടാണ് മുന്നേറുന്നത്. സെക്കന്റിൽ നിന്ന് മിനിറ്റിലേക്കും, മിനിറ്റിൽ നിന്നു മണിക്കൂറിലേക്കും, പിന്നീട് ദിവസം, മാസം, വർഷം, എന്നിങ്ങനെ. പ്രകൃതിയിലും ഇതു തന്നെയാണ് കാണുന്നത്. രാവും, പകലും, വസന്തവും, ശൈത്യവും എല്ലാം ക്രമമായാണ് വന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. സമയത്തെ ഉപയോഗിക്കുന്നതിലും ഈ ക്രമവും, ചിട്ടയും വേണമെന്നർത്ഥം. ഒളിംപിക്സിൽ പോൾ വോൾട്ട് ചാമ്പ്യനായിരുന്ന റവറന്റ് ബോബ് റിച്ചാർഡ്, സമയത്തെ ചിട്ടയോടും അടുക്കോടും ഉപയോഗിച്ച് പരിശീലിച്ചതിനാലാണ് താൻ വിജയിച്ചതെന്ന് രേഖപ്പെടുത്തുന്നു. "13-ാമത്തെ വയസ്സ് മുതൽ ഞാൻ എല്ലാ ദിവസവും കൃത്യമായി ഒരു നിശ്ചിത സമയം പരിശീലിച്ചു പോന്നു. ഒളിംപിക്സിൽ മെഡൽ നേടി ചാമ്പ്യനാകുന്നതിനു മുൻപ് 10,000 മണിക്കൂർ ഞാൻ പരിശീലിച്ചു. നിങ്ങളുടെ പ്രവർത്തന മേഖല എന്തായാലും, പതിനായിരം മണിക്കൂർ വിനിയോഗിച്ചാൽ, ആരംഗത്ത് നിങ്ങളെ വെല്ലാൻ മറ്റൊരാൾ ഉണ്ടാവില്ല". അദ്ദേഹം രേഖപ്പെടുത്തി.

കാര്യക്ഷമതയോടെ ദൈനം ദിന കാര്യങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ ചെയ്തു തീർത്ത് അമേരിക്കയിലെ ബേത്‌ലഹേം സ്റ്റീൽ കമ്പനിയെ ഉല്പാദന രംഗത്ത് പ്രസിദ്ധിയിലെത്തിച്ച അതിന്റെ പ്രസിഡന്റ് ചാൾസ് ഷെവ്സിനെക്കുറിച്ച് രസകരമായ ഒരു കഥയുണ്ട്. ഒരിക്കൽ ഒരു പ്രസിദ്ധ ടൈം മാനേജ്മെന്റ് കൺസൾട്ടന്റായ ഐവി ലീയെ സമീപിച്ച് അദ്ദേഹം അഭ്യർത്ഥിച്ചു. "എനിക്കിപ്പോൾ ലഭ്യമായിരിക്കുന്ന സമയം ഉപയോഗിച്ച് ഇപ്പോൾ ചെയ്യുന്നതിൽ കൂടുതൽ കാര്യങ്ങൾ ചെയ്തു തീർക്കാനുള്ള മാർഗം പറഞ്ഞു തരണം. നിങ്ങൾ ആവശ്യപ്പെടുന്ന എന്തു തുകയും ഫീസായി ഞാൻ തരാം". ലീയുടെ മറുപടി ഇതായിരുന്നു. "നിങ്ങളുടെ ഉല്പാദന ക്ഷമത 50 ശതമാനം വർദ്ധിപ്പിക്കാൻ സഹായിക്കുന്ന ചില കാര്യങ്ങൾ 20 മിനിട്ടിനുള്ളിൽ ഞാൻ പറഞ്ഞു തരാം". ഒരു തുണ്ട് പേപ്പർ ചാൾസ് ഷെവിസിന്റെ കൈയിൽ നൽകിയിട്ട് ഐവി ലി തുടർന്നു "നാളെ നിങ്ങൾക്കു ചെയ്തു തീർക്കാനുള്ള ആറ് കാര്യങ്ങൾ മുൻഗണനാ ക്രമത്തിൽ ഈ കടലാസ്സിൽ എഴുതുക. എന്നിട്ട് ഈ പേപ്പർ നിങ്ങളുടെ പോക്കറ്റിൽ സൂക്ഷിക്കുക. നാളെ രാവിലെ നിങ്ങൾ ചെയ്യേണ്ടത്. ഒന്നാമത്തെ കാര്യം ആദ്യം ചെയ്തു തീർക്കുക എന്നതാണ്. അതു തീർന്നതിനു ശേഷം രണ്ടാമത്തെ കാര്യം ചെയ്യുക. പീന്നീട് മൂന്നാമത്തേത്, ബാക്കി അതിനുശേഷം എന്നിങ്ങനെ പടിപടിയായി ചെയ്യുക. നിങ്ങൾ ആഗ്രഹിച്ച സമയത്തിനുള്ളിൽ അവസാനത്തെ ഒന്നോ, രണ്ടോ കാര്യങ്ങൾ ചെയ്തു തീർക്കാൻ സാധിച്ചില്ലെങ്കിൽ സാരമില്ല. എന്തായാലും ഏറ്റവും പ്രധാനപ്പെട്ട കാര്യം ആദ്യം ചെയ്തു തീർക്കുക എന്നതാണ് പ്രധാനം. ഈ മാർഗ്ഗം കൊണ്ട് എല്ലാ കാര്യങ്ങളും നിങ്ങൾക്കു ചെയ്തു തീർക്കാൻ സാധിക്കുന്നില്ലെങ്കിൽ ഇതിലും മെച്ചമായ മറ്റൊരു വഴി ഇല്ല എന്ന് മനസ്സിലാക്കണം. ഇങ്ങനെ ഒരു പദ്ധതി ഇല്ലെങ്കിൽ നിശ്ചിത സമയത്ത് ചെയ്തു തീർക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം എന്താണെന്നു പോലും നിശ്ചയിക്കാൻ നിങ്ങൾക്കാവില്ല." ലീ തുടർന്നു "ഔരോ ദിവസവും നിങ്ങൾ ഈ രീതിയിൽ പ്രവർത്തിക്കുക. ഈ പദ്ധതിയുടെ മൂല്യത്തെക്കുറിച്ചു നിങ്ങൾ ബോധവാനാകുന്നെങ്കിൽ പിന്നീട് നിങ്ങളുടെ തൊഴിലാളികളോട് ഇതാവർത്തിക്കാൻ ആവശ്യപ്പെടുക. എന്നിട്ട് ഗുണകരം എന്നു തോന്നുന്ന പക്ഷം നിങ്ങൾക്ക് ഇഷ്ടമുള്ള ഒരു തുക കൺസൽട്ടേഷൻ ഫീസായി എനിക്കയച്ചു തരിക."

> **ഒന്നാമത്തെ കാര്യം ആദ്യം ചെയ്തു തീർക്കുക എന്നതാണ്. അതു തീർന്നതിനു ശേഷം രണ്ടാമത്തെ കാര്യം ചെയ്യുക. പീന്നീട് മൂന്നാമത്തേത്, ബാക്കി അതിനുശേഷം എന്നിങ്ങനെ പടിപടിയായി ചെയ്യുക. നിങ്ങൾ ആഗ്രഹിച്ച സമയത്തിനുള്ളിൽ അവസാനത്തെ ഒന്നോ, രണ്ടോ കാര്യങ്ങൾ ചെയ്തു തീർക്കാൻ സാധിച്ചില്ലെങ്കിൽ സാരമില്ല. എന്തായാലും ഏറ്റവും പ്രധാനപ്പെട്ട കാര്യം ആദ്യം ചെയ്തു തീർക്കുക എന്നതാണ് പ്രധാനം.**

ഏതാനും ആഴ്ചകൾക്കു ശേഷം ചാൾസ് ഷെവിസ് 25,000 ഡോളറിന്റെ ഒരു ചെക്ക് ഐവി ലീയ്ക്ക് അയച്ചു കൊടുത്തു. ഒപ്പം ഒരു കുറിപ്പും: "നന്ദി. ഞാൻ ഇന്നേവരെ പരീക്ഷിച്ചതിൽ ഏറ്റവും പ്രയോജനകരമായ മാർഗ്ഗം താങ്കളുടേതാണെന്ന് തെളിഞ്ഞിരിക്കുന്നു." ഈ ഒരു പദ്ധതി ഉപയോഗിച്ച് ബേത്‌ലഹേം സ്റ്റീൽ കമ്പനിയെ ലോകത്തിലെ ഏറ്റവും വലിയ സ്റ്റീൽ ഉല്പാദക സ്ഥാപനമാക്കി മാറ്റുവാൻ ചാൾസ് ഷെവ്സിനു കഴിഞ്ഞു.

ഇത്ര ലളിതമായ ഒരാശയത്തിന് അത്രയും വലിയ ഒരു തുക ഫീസായി നൽകിയ ചാൾസ് ഷെവിസിനെ ഒരു വിഡ്ഢി എന്ന് നിങ്ങൾ വിളിച്ചേക്കാം. ഒരർത്ഥത്തിൽ, ഏതാശയമാണ് ലളിതം അല്ലാത്തത്? സമയബന്ധിതമായി ആശയങ്ങളെ പ്രയോഗത്തിൽ വരുത്തുമ്പോഴാണ് ലാളിത്യത്തിന് അർത്ഥമുണ്ടാകുന്നത്. യേശു ക്രിസ്തുവിന്റെ ഉപദേശങ്ങൾ ആർക്കും മനസ്സിലാകുന്ന വിധം വളരെ ലളിതമായിരുന്നു. പക്ഷേ രണ്ടായിരം വർഷങ്ങൾ കഴിഞ്ഞിട്ടും അവയെ പൂർണ്ണമായും പ്രായോഗിക ജീവിതത്തിൽ കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

മനുഷ്യജീവിതം ഹ്രസ്വമാണ്. "ഒരു ശ്വാസ"ത്തിനോടാണ് സങ്കീർത്തനക്കാരൻ (39:5) ജീവിതത്തെ ഉപമിക്കുന്നത്. ജീവിതത്തിന്റെ ഈ സംക്ഷിപ്തതയെ മറ്റ് സങ്കീർത്തനങ്ങളിലും, സദൃശവാക്യങ്ങളിലും, സഭാ പ്രസംഗിയിലും ഒരു പ്രധാന വിഷയമായിത്തന്നെ അവതരിപ്പിച്ചിരിക്കുന്നു. യേശു ക്രിസ്തുവും ജീവിതത്തിന്റെ ക്ഷണികതയെ (വി. ലൂക്കോസ് 12:10) ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നമുക്കു ലഭിച്ചിരിക്കുന്ന ഈ ചുരുങ്ങിയ കാലത്തെ ഏറ്റവും കാര്യക്ഷമമായി ഉപയോഗിക്കണം എന്ന് സാരം. ക്രിസ്തു ദേവൻ തന്റെ ജീവിതത്തിലൂടെ ഇതു കാണിച്ചു തന്നു. 33 വർഷത്തെ ആയുസ്സിനുള്ളിൽ വെറും മൂന്നു വർഷം കൊണ്ടാണ് ചരിത്രത്തിന്റെ ഗതിയെത്തന്നെ മാറ്റി മറിക്കാൻ യേശു ക്രിസ്തുവിനു കഴിഞ്ഞത്. പക്ഷേ എത്രയോ വീണ്ടുവിചാരം ഇല്ലാതെയാണ് മനുഷ്യൻ സമയം പാഴാക്കുന്നത്. ഒരാൾ എത്ര വർഷം ജീവിച്ചിരുന്നു എന്നതിനല്ല പ്രാധാന്യം. ദൈവം തന്ന ആയുസ്സിനെ എത്ര മാത്രം കാര്യക്ഷമമായി ഉപയോഗിച്ചു എന്നതിനാണ്. കുമാരനാശാന്റെ "വീണപൂവിൽ" നിന്ന് ഏതാനും വരികൾ ഉദ്ധരിച്ച് ഈ കുറിപ്പ് അവസാനിപ്പിക്കാം.

"സാധിച്ചു വേഗമഥവാ നിജ ജന്മകൃത്യം  
സാധിഷ്ഠർ പോട്ടിഹ സാദാനിശി  
പാന്ഥപാദം  
ബാധിച്ചു രൂക്ഷ ശില വാഴ്‌വതിൽ  
നിന്ന മേഘ-  
ജ്യോതിസ്സു തൻ ക്ഷണിക  
ജീവിതമല്ലി കാമ്യം"

രാത്രിയിൽ യാത്രക്കാരുടെ കാലുകളെ മുറിവേല്പിക്കുന്ന കല്ലിനെക്കാൾ മിന്നൽ ക്കൊടിയുടെ അല്പ നേരത്തെ ജീവിതമാണഭികാമ്യമായിട്ടുള്ള തെന്നർത്ഥം. ജീവിക്കുന്ന വർഷത്തെക്കാൾ വർഷിക്കുന്ന ജീവിതത്തിനാണ് പ്രാധാന്യമെന്ന് കവി നമ്മെ ഓർമ്മിപ്പിക്കുന്നു.

നമുക്കു ലഭിച്ചിരിക്കുന്ന സമയത്തിന്റെ കാര്യക്ഷമതാ മാനത്തി (Time effective quotient) നെക്കുറിച്ച് ഇതിലും മനോഹരമായ മറ്റൊരു വിവരണത്തിന്റെ ആവശ്യം ഇല്ല.

**7th Death anniversary**
**20-9-2001**



**ANNAMMA EAPEN**

**By**

**Fr. K.P. Eapen Kanamoottil**  
**Children**  
**Dr. Sosakkutty Jacob**  
**Elsa Joseph (Architect)**  
**Paulus Eapen B.E.**

# 55TH ANNIVERSARY

**04-09-2001**

*In Everlong Memory of*

## MR. M.G. ZACHARIA



Oct. 2, 1902 — Sept. 4, 1946

**Baboo / Baby, Charlie / Saro, Alex/ Prema / Grandchildren & Great Grandchildren**

**Mannil Zach Bhavan**
**Thekkemala**
**Kozhencherry**



പരിസ്ഥിതിയുടെ ആത്മീയത XV

# പതിനൊന്നാമത്തെ കല്പന: "ഭൂമിയെ നിന്ദിക്കരുത് "



**പ്രൊഫ. കെ.പി.ജോയി**

സൃഷ്ടി കർമ്മത്തിലെ ആദ്യ ജാതരായ ഇരട്ടകളാണ് ആകാശവും ഭൂമിയും. 4600 കോടി വർഷങ്ങൾക്കു മുമ്പാണ് ഈ മംഗള കർമ്മം നടന്നത് എന്നാണ് ശാസ്ത്ര മതം. വളരെ ദീർഘമായ ഒരു ശൈശവ ദിശയിലൂടെയാണ് പിന്നീട് ഭൂമി കടന്നു പോയത്. തുടക്കത്തിൽ വളരെ തീക്ഷ്ണമായ ചൂടുള്ള ഏതാനും വാതകങ്ങളും ബാഷ്പീകരിക്കപ്പെട്ട മൂല ധാതുക്കളും ചേർന്ന ഗോളാകൃതമായ ഒരു മിശിതമായിരുന്നു ഭൂമി. വാതകങ്ങൾ തണുത്തുറഞ്ഞ് ഇന്നു നാം കാണുന്ന രീതിയിലുള്ള ഒരു ഖര വസ്തുവായി തീരാൻ ഭൂമിക്ക് വേണ്ടിവന്നത് 3000 കോടി വർഷങ്ങളാണ്. ഈ ശീതീകരണ പ്രക്രിയയിൽ കനത്ത മൂലധാതുക്കളായ ഇരുമ്പ്, നിക്കൽ മുതലായവ താഴോട്ടിറങ്ങി ഭൂമിയുടെ സുദൃഢമായ ആന്തരിക ഭാഗമായിത്തീർന്നു. ഇതിനെ ചുറ്റി കുറേക്കൂടി നേർത്ത മൂലകങ്ങളായ അലുമിനിയം, സിലിക്കോൺ മുതലായവ ചേർന്നു ഭൂമിയുടെ മദ്ധ്യഭാഗം രൂപം കൊണ്ടു. ഏറ്റവും കനം കുറഞ്ഞ മൂലകങ്ങളായ ഹീലിയം, ഹൈഡ്രജൻ, ഓക്സിജൻ, നൈട്രജൻ, കാർബൺ മുതലായവ ഉപരിതലത്തിൽ നിന്ന് ഉയർന്ന് വാതക പൂരിതമായ അന്തരീക്ഷം ഉണ്ടായി. ശീതീകരണം തുടർന്നുകൊണ്ടേയിരുന്നു. തത്ഫലമായി മൂലകങ്ങൾ കൂടിച്ചേർന്ന് തന്മാത്രകൾ സൃഷ്ടിക്കപ്പെട്ടു. ഹൈഡ്രജന്റെ അളവ് അധികമായിരുന്നതിനാൽ മിതൈയിൽ, അമോണിയ, നീരാവി എന്നിവയുടെ തന്മാത്രകളാണ് ആദ്യം സൃഷ്ടിക്കപ്പെട്ടത്. കോടാനുകോടി വർഷങ്ങളിലൂടെ തുടർന്നു കൊണ്ടേയിരുന്ന ശൈത്യവല്ക്കരണത്തിന്റെ ഫലമായി തന്മാത്രകൾ ദ്രാവകങ്ങളായും ചില ദ്രാവകങ്ങൾ മറ്റ് ഖരപദാർത്ഥങ്ങളായും മാറി. ആദ്യമായി ഉണ്ടായ ദ്രാവകം വെള്ളമാണ്. അതോടെ വെള്ളം മഴയായി പെയ്തു തുടങ്ങി. ഇതോടെ ഭൗമാന്തരീക്ഷം കൂടുതൽ തണുത്ത് വെള്ളത്തെ ഉൾക്കൊള്ളുന്നതിന് പാകമായി. അങ്ങനെ തോടും, പുഴയും, നദിയും, തടാകങ്ങളും, സമുദ്രവും സൃഷ്ടിക്കപ്പെട്ടു. വെള്ളത്തിൽ അലിഞ്ഞ പാറക്കഷ്ണങ്ങളും മറ്റ് ഖര പദാർത്ഥങ്ങളും ഉപരിതല മണ്ണിന് രൂപം നൽകി. അങ്ങനെ 'ഒരിക്കലും ഇളകിപോകാതിരിക്കത്തക്കവണ്ണം' (സങ്കീ. 104:5) "സമുദ്രങ്ങളുടെമേൽ അവൻ അതിനെ സ്ഥാപിച്ച്, നദികളുടെ മേൽ അവൻ അതിനെ ഉറപ്പിച്ചു," (സങ്കീ. 24:2) എന്ന ദൈവ വാക്യം പൂർത്തീകരിക്കപ്പെട്ടു. അവൻ മേഘത്തെ അതിനു ഉടുപ്പും കൂരിരുളിനെ അതിനു ചുറ്റാടയും ആക്കി എന്ന് ഇയ്യോബ് (38:9) ഘോഷിക്കുന്നു.

### മനുഷ്യന്റെ രംഗപ്രവേശനം:

വെള്ളവും, സമുദ്രവും, മണ്ണും, സൗമ്യമായ അന്തരീക്ഷവും ഉണ്ടായതോടെ ജീവനെ ഉൾക്കൊള്ളാൻ ഭൂമിക്കു കഴിവുണ്ടായി. ജീവന്റെ ആദ്യത്തെ നാമ്പ് മുളച്ചത് 1500 കോടി വർഷങ്ങൾക്കു മുമ്പാണ്. പ്രാചീന സമുദ്രങ്ങളിലെവിടെയോ ആണീ മഹാസംഭവം അരങ്ങേറിയത്. പിന്നീട് പരിണാമപ്രക്രിയയുടെ പല പടവുകൾ കടന്ന് സങ്കീർണ്ണങ്ങളായ വിവിധതരം ജീവികളുണ്ടായി കടലിലും കരയിലും വിന്യസിക്കാൻ തുടങ്ങി. മനുഷ്യ ജാതിയുടെ ഏറ്റവും അടുത്തപൂർവ്വികരായ വാലില്ലാ കുരങ്ങിൽ നിന്ന് (Apes) മനുഷ്യന്റെ ആദ്യത്തെ ഉപഗണം (Homo) ഉതിർന്നുവന്നത് ഏകദേശം 30 ദശലക്ഷം വർഷം മുമ്പാണ് എന്നനുമാനിക്കപ്പെടുന്നു. അവയിൽനിന്ന് ആധുനിക മനുഷ്യന്റെ യഥാർത്ഥ പൂർവ്വികനായ വിവേക

> **"പരിശുദ്ധമായ ഈ ഭൂമിയുടെ വിഭവങ്ങളെ സംരക്ഷിച്ച് തലമുറകളോളം അതിന്റെ ഉല്പാദന ക്ഷമതയെ നിലനിർത്താൻ വിശ്വസ്തനായ ഒരു കാര്യ വിചാരകനായി ഞാൻ നിന്നെ നിയമിക്കുന്നു. മണ്ണൊലിപ്പിനിടം കൊടുക്കാതെ മണ്ണിനെ സംരക്ഷിക്കാനും, വരൾച്ചയെ തടഞ്ഞ് വെള്ളത്തിന്റെ ജീവനെ നിലനിർത്താനും, അതിക്രമങ്ങളെ പ്രതിരോധിച്ച് വനങ്ങളെ സംരക്ഷിക്കാനും, അതിരുകവിഞ്ഞ കാലിമേയ്ക്കൽ തടഞ്ഞ് മലകളെയും നിലങ്ങളെയും പരിചരിക്കാനുമായി ഞാൻ ഈ ഭൂമിയെ നിന്നെ ഏല്പിക്കുന്നു. അങ്ങനെ നിന്റെ വരുംതലമുറകൾ എന്നും സമൃദ്ധിയിൽ കഴിയാൻ ഇടവരട്ടെ."**

1. G.C. Simpson, C.S. Pittendright, and L.H. Tiffany, Life-Am Introduction to Biology, Harcourt, Bruce & Co., New York, 1957)
2. W. Lowdermilk "An 11th Commandment" in Santa News Press, 1969, cited in R.F. Nash the Rights of Nature.

# അർമേനിയൻ സഭ

**വർഗീസ് ജോൺ, തോട്ടപ്പുഴ**

ക്രൈസ്തവസഭയുടെ ചരിത്രത്തിലെ സുപ്രധാനമായ വഴിത്തിരിവിനെയാണ് അർമേനിയാ രാജ്യവും അർമേനിയൻ സഭയും സൂചിപ്പിക്കുന്നത്. ലോകചരിത്രത്തിൽ അറിയപ്പെടുന്ന ആദ്യത്തെ ക്രൈസ്തവ രാജ്യമാണ് അർമേനിയാ. എ.ഡി. 301-ൽ ക്രൈസ്തവ സഭ അർമേനിയായുടെ ഔദ്യോഗിക മതമായിത്തീർന്നു. എ.ഡി. 313-ൽ ക്രൈസ്തവസഭയെ റോമാ സാമ്രാജ്യത്തിലെ ഔദ്യോഗിക മതമായി പ്രഖ്യാപിക്കുന്നതിനും 12 വർഷം മുമ്പാണിതെന്നുള്ള വസ്തുത ശ്രദ്ധേയമാണ്.

പഴയ സോവിയറ്റ് യൂണിയനിൽ ട്രാൻസ്-കൊക്കേഷ്യൻ പ്രദേശത്തുള്ള ഒരു റിപ്പബ്ലിക്കായിരുന്നു ആധുനിക അർമേനിയാ. 1991 സെപ്റ്റംബർ 21-ന് ഇതൊരു സ്വതന്ത്ര്യരാജ്യമായി. യെരവാൻ ആണ് തലസ്ഥാനം. ജനങ്ങളിൽ ബഹുഭൂരിപക്ഷവും ഓറിയന്റൽ ഓർത്തഡോക്സ് സഭാകുടുംബത്തിൽപെടുന്ന അർമേനിയൻ അപ്പോസ്തോലിക് ഓർത്തഡോക്സ് സഭയിലെ അംഗങ്ങളാണ്. അർമേനിയൻ ഗ്രിഗോറിയൻ സഭയെന്നും ഇത് അറിയപ്പെടുന്നു. ജോർജ്ജിയാ, അസർബൈജാൻ, ടർക്കി, ഇറാൻ എന്നിവയാണ് അയൽരാജ്യങ്ങൾ.

**അർമേനിയായുടെ ദേശീയ മതമായി ക്രൈസ്തവസഭ പ്രഖ്യാപിക്കപ്പെട്ടതിന്റെ 1700-ാം വാർഷികം അർമേനിയൻ സഭ ആഘോഷിക്കുന്നു.**

ടർക്കിയുടെ വടക്കുകിഴക്കുഭാഗവും ഇറാന്റെ വടക്കു പടിഞ്ഞാറു ഭാഗവും പുരാതന അർമേനിയായുടെ ഭാഗമായിരുന്നു. മുസ്ലിം ഭൂരിപക്ഷ രാജ്യങ്ങളായ ടർക്കിയിലും ഇറാനിലും ഇന്നും അർമേനിയൻ സഭയാണ് ഏറ്റവും വലിയ ക്രൈസ്തവ വിഭാഗം. നോഹയുടെ പുത്രനായ യാഫേത്തിന്റെ പിൻഗാമികളാണ് തങ്ങളെന്ന് അർമേനിയാക്കാർ അവകാശപ്പെടുന്നു. നോഹയുടെ പെട്ടകം ഉറച്ച അറാറാത്ത് പർവ്വതം (Mt.Ararat) പുരാതന അർമേനിയായുടെ ഭാഗമായിരുന്നു. ഇപ്പോൾ അർമേനിയാ-ടർക്കി അതിർത്തിയിലാണ് ഈ പർവ്വതം. അസർബൈജാനിലെ നഗോർണോ-കരാബാക്ക് അർമേനിയൻ ഭൂരിപക്ഷ പ്രദേശമാണ്. മറ്റ് അയൽരാജ്യങ്ങളിലും ഭാരതം ഉൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും അർമേനിയാക്കാരുണ്ട്.

ക്രിസ്തുമതത്തിന്റെ ആരംഭകാലത്തു തന്നെ അർമേനിയായിൽ സുവിശേഷമെത്തി. അർമേനിയൻ പാരമ്പര്യമനുസരിച്ച് അവരുടേത് ഒരു അപ്പോസ്തോലിക സഭയാണ്. വി. തദ്ദായി(AD 43-66), വി.ബർത്തലോമിയോ(AD 66-68) എന്നീ അപ്പോസ്തോലന്മാർ അർമേനിയായിൽ സുവിശേഷമറിയിച്ചുവെന്ന് വിശ്വസിക്കപ്പെടുന്നു. ഉത്ഥാനം ചെയ്ത മശിഹാ തന്നെ ഒരിക്കൽ അവരുടെ ഇടയിൽ പ്രത്യക്ഷനായി എന്നൊരു വിശ്വാസവും അർമേനിയാക്കാർക്കുണ്ട്. അപ്പോസ്തോലന്മാരുടെ സുവിശേഷ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിശുദ്ധ സ്ഥലങ്ങൾ ഇന്നും തെക്കു കിഴക്കൻ അർമേനിയായിലുണ്ട്. ആദ്യത്തെ മൂന്ന് നൂറ്റാണ്ട് കാലത്ത് അർമേനിയൻ ക്രൈസ്തവർ പല പീഡനങ്ങളും സഹിക്കേണ്ടിവന്നു. എ.ഡി. 110, 240, 287 എന്നീ വർഷങ്ങളിൽ ക്രൈസ്തവർ ശക്തമായ പീഡനങ്ങൾക്ക് വിധേയമായി.

എ.ഡി. 301-ൽ വിശുദ്ധ ഗ്രീഗോറിയോസ് പാർതെവ് ലൂസാവൊറിച്ച് (St. Gregory the Illuminator 239-325) അർമേനിയായിലെ തിരിദാത്തസ് മൂന്നാമൻ രാജാവിനെയും ജനങ്ങളെയും ക്രിസ്ത്യാനികളാക്കിയതോടെ ക്രൈസ്തവ സഭ ഔദ്യോഗിക മതവും അർമേനിയാ ആദ്യത്തെ ക്രൈസ്തവ രാജ്യവുമായിത്തീർന്നു. അതുകൊണ്ട് വി. ഗ്രിഗോറിയോസ് 'അർമേനിയായുടെ കാവൽ പരിശുദ്ധ'നായി അറിയപ്പെടുന്നു. ഉടനെ തന്നെ അദ്ദേഹം മെത്രാനാകുകയും അന്നത്തെ തലസ്ഥാനമായ വഗർഷപ്പാത്ത് എന്ന സ്ഥലത്ത് എ.ഡി. 302-ൽ ഒരു കത്തീഡ്രൽ സ്ഥാപിക്കുകയും ചെയ്തു. എച്ച്മിയാഡ്സിൻ (Holy Etchmiadzin) എന്നാണ് ഈ സ്ഥലത്തിന്റെ ഇപ്പോഴത്തെ പേര്. "ഏക ജാതൻ താഴേക്കിറങ്ങിവന്നു" എന്നാണ് ഈ സ്ഥലപ്പേരിന്റെ അർത്ഥം. യെരവാനു വളരെ അടുത്തുള്ള ഈ സ്ഥലം എ.ഡി. 485 വരെയും പിന്നീട് എ.ഡി. 1441 മുതൽ ഇന്നുവരെയും സഭയുടെ ആസ്ഥാനമാണ്. എ.ഡി. 315-ൽ ജോർജിയായിലും കൊക്കേഷ്യൻ അൽബേനിയായിലും (ഇന്നത്തെ അസർബൈജാൻ) അർമേനിയൻ സഭ സുവിശേഷ പ്രവർത്തനം ആരംഭിച്ചു.

അർമേനിയൻ സഭയുടെ മെത്രാൻ സ്ഥാനം ആദ്യം വി. ഗ്രിഗറിയുടെ കുടുംബത്തിൽ തന്നെ നിലനിന്നു. എ.ഡി. 352-ൽ മെത്രാനായ നർസായി (നാർസെസ്) 363-ൽ 'കാതോലിക്കോസ്' എന്ന സ്ഥാനപ്പേരു സ്വീകരിച്ചു. (അഞ്ചാം നൂറ്റാണ്ടിലാണ് അർമേനിയൻ സഭാദ്ധ്യക്ഷൻ ഈ സ്ഥാനപ്പേരു സ്വീകരിച്ചതെന്നും അഭിപ്രായമുണ്ട്). സഭയുടെ പുരോഗതിക്കായി പല നടപടികളും സ്വീകരിച്ച ഇദ്ദേഹം എ.ഡി. 373-ൽ വധിക്കപ്പെട്ടു. ഇതേ തുടർന്ന് കുറച്ചു കാലം പേർഷ്യൻ രാജാക്കന്മാർ അർമേനിയൻ സഭയെ പീഢിപ്പിച്ചു. എ.ഡി. 387-ൽ ബൈസന്റയിൻ-പേർഷ്യൻ സാമ്രാജ്യങ്ങളിലായി അർമേനിയാ വിഭജിക്കപ്പെട്ടു.

മഹാനായ ഇസഹാക്ക് കാതോലിക്കായുടെ കാലത്ത് (387-439) എ.ഡി. 406-നോടടുത്ത് വി. മെസ്രോബ് (St. Mesrob Meshtotz) അർമേനിയൻ ഭാഷയ്ക്ക് സ്വന്തമായ ഒരു അക്ഷരമാലയുണ്ടാക്കി. ബൈബിളും സഭാപിതാക്കന്മാരുടെ കൃതികളും അർമേനിയൻ ഭാഷയിലേക്കു തർജമ ചെയ്യുന്നതിനും അർമേനിയൻ ആരാധനാക്രമത്തിനും സാഹിത്യത്തിനും തുടക്കം കുറിക്കുന്നതിനും ഇത് ഇടയാക്കി. എ.ഡി. 485-ൽ കാതോലിക്കേറ്റിന്റെ ആസ്ഥാനം പുതിയ തലസ്ഥാനമായ ഡ്വിൻ എന്ന സ്ഥലത്തേക്കു മാറ്റി; 927 വരെ അവിടെ തുടർന്നു.




**അർമേനിയായും അയൽരാജ്യങ്ങളും**

നിഖ്യാ സുന്നഹദോസിൽ (എ.ഡി. 325) അർമേനിയൻ സഭയുടെ രണ്ട് പ്രതിനിധികൾ സംബന്ധിച്ചിരുന്നു. തുടർന്നുള്ള രണ്ട് പൊതു സുന്നഹദോസുകളിൽ (എ.ഡി. 381, 431) സംബന്ധിച്ചില്ലെങ്കിലും അതിന്റെ തീരുമാനങ്ങളെ അംഗീകരിച്ചിരുന്നു. കൽക്കദോൻ സുന്നഹദോസിലും (എ.ഡി. 451) അർമേനിയൻ സഭയുടെ പ്രതിനിധികൾ സംബന്ധിച്ചിരുന്നില്ല. എ.ഡി. 506-ലെ ഡ്വിൻ സുന്നഹദോസ് കർക്കദോൻ സുന്നഹദോസ് നിശ്ചയങ്ങളെ തള്ളിക്കളഞ്ഞു. ഈ സുന്നഹദോസിൽ ജോർജിയൻ സഭയുടെയും അൽബേനിയൻ സഭയുടെയും പ്രതിനിധികളും സംബന്ധിച്ചിരുന്നു. 607-ൽ അർമേനിയൻ- ജോർജ്ജിയൻ സഭകൾ തമ്മിൽ വേർ പിരിഞ്ഞു. പിൽക്കാലത്ത് ജോർജിയൻ സഭ കൽക്കദോൻ അനുകൂല നിലപാടെടുത്തു. ഈ സഭ ഇന്ന് ബൈസന്റയിൻ ഓർത്തഡോക്സ് സഭാ കുടുംബത്തിൽ പെടുന്നു.

വിശുദ്ധ നാടുകളിൽ ക്രൈസ്തവ സഭയുടെ ആരംഭകാലത്തുതന്നെ അർമേനിയൻ സാന്നിദ്ധ്യമുണ്ടായിരുന്നു. മൂന്നാം നൂറ്റാണ്ടിൽ ജറുസലേമിൽ അർമേനിയൻ മെത്രാനുണ്ടായിരുന്നതായി തെളിവുണ്ട്. നാലാം നൂറ്റാണ്ടു മുതൽ ജറുസലേമിൽ അർമേനിയാക്കാർ തീർത്ഥാടകരായി വരുകയും പലരും അവിടെ വാസമുറപ്പിക്കുകയും ചെയ്തു. അഞ്ചാം നൂറ്റാണ്ടിൽ ഇവരുടെ മെത്രാന് "പാത്രിയർക്കീസ്" എന്ന പദവി നൽകി. അബ്രഹാം (638-669) ആണ് ജറുസലേമിലെ അറിയപ്പെടുന്ന ആദ്യത്തെ അർമേനിയൻ പാത്രിയർക്കീസ്. ഖലീഫാ ഒമാർ ഇബ്ൻ ഇൽ ഖത്താബ് ഇദ്ദേഹത്തിന് ഔദ്യോഗിക അംഗീകാരം നൽകി.

റോമൻ (ബൈസന്റയിൻ)-പേർഷ്യൻ സാമ്രാജ്യങ്ങൾ തമ്മിലുള്ള ശത്രുത അർമേനിയായെ കാര്യമായി ബാധിച്ചു. എ.ഡി. 640-885 കാലത്ത് അർമേനിയാ അറബികളുടെ ഭരണത്തിലായി. ബാഗ്രഡിറ്റ് രാജവംശത്തിന്റെ കാലത്ത് (എ.ഡി. 885-1045) അർമേനിയാ സ്വാതന്ത്ര്യം വീണ്ടെടുത്തു. എ.ഡി. 915-ൽ വാൻ തടാകത്തിലെ (ഇന്ന് ടർക്കിയിൽ) അഘ്തമാർ ദ്വീപിൽ പ്രസിദ്ധമായ ഒരു കത്തീഡ്രൽ സ്ഥാപിച്ചു. 927-ൽ കാതോലിക്കേറ്റിന്റെ ആസ്ഥാനം അങ്ങോട്ടു മാറ്റി. 947-ൽ അർകീന ആസ്ഥാനമായി. പുതിയ തലസ്ഥാനമായ അനി 992-ൽ സഭയുടെ ആസ്ഥാനമായിത്തീർന്നു. സെൽജക്ക് ആക്രമണത്തെ തുടർന്ന് 1045-ൽ ബാഗ്രഡിറ്റ് രാജഭരണം അവസാനിച്ചു. 1064-ൽ തലസ്ഥാനമായ അനി ആക്രമിക്കപ്പെട്ടു. ഇതോടെ ഭൂരിഭാഗം അർമേനിയാക്കാരും സിലീഷ്യായിലേക്ക് (ഇപ്പോൾ ടർക്കിയുടെ തെക്കൻ പ്രദേശം) പലായനം ചെയ്തു. നേരത്തേ തന്നെ ഇവിടെ അർമേനിയാക്കാർ ഉണ്ടായിരുന്നു.

കാതോലിക്കേറ്റിന്റെ ആസ്ഥാനവും 1060-ൽ സിലിഷ്യാ(കിലിക്യാ)യിലേക്കു മാറ്റി. അവിടെ പല പട്ടണങ്ങളിലും മാറിമാറി ആസ്ഥാനമുറപ്പിച്ചു. റൂബെൻ രാജകുമാരൻ 1080-ൽ സിലീഷ്യയെ ഒരു സ്വതന്ത്ര രാജ്യമായി പ്രഖ്യാപിച്ചു. ഒരു പുതിയ അർമേനിയാ രാജ്യം (ചെറിയ അർമേനിയാ) തന്നെ 1198-ൽ ഇവിടെ സ്ഥാപിച്ചു. കാതോലിക്കേറ്റിന്റെ ആസ്ഥാനം 150 വർഷമായി നിലനിന്നിരുന്ന ഹ്റോംക്ലായിൽ നിന്ന് 1293-ൽ സിലിഷ്യയുടെ തലസ്ഥാനമായ സിസ് (Sis) എന്ന സ്ഥലത്ത് സ്ഥാപിച്ചു. മാമെലൂക്കുകൾ 1375-ൽ ചെറിയ അർമേനിയാ (Lesser Armenia) രാജ്യം നശിപ്പിച്ചെങ്കിലും 1441 വരെയും സിസ് സഭാകേന്ദ്രമായി തുടർന്നു.

ഇതിനിടെ 1113-ൽ അഘ്തമാറിലെ ആർച്ച് ബിഷപ്പ് ദാവീദ് തൊർണികിയാൻ അർമേനിയൻ സഭയുടെ തലവനെന്ന് സ്വയം പ്രഖ്യാപിക്കുകയും 1114-ൽ കാതോലിക്കായാകുകയും ചെയ്തതോടെ അഘ്തമാറിൽ പുതിയയൊരു കാതോലിക്കേറ്റ് രൂപമെടുത്തു; 1915 വരെ ഇതു നിലനിന്നു. കച്ചഡോർ ആയിരുന്നു അവസാനത്തെ കാതോലിക്കാ. ഒരു ലക്ഷത്തോളം വിശ്വാസികളും ഇരുനൂറിൽ പരം പള്ളികളും നൂറു വർഷം മുമ്പ് ഈ കാതോലിക്കേറ്റിൽ ഉണ്ടായിരുന്നു. ഇതു കൂടാതെയും ഹ്രസ്വകാലത്തേക്ക് സഭയിൽ എതിർ കാതോലിക്കാമാരുണ്ടായിട്ടുണ്ട്.

15-ാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് സിലീഷ്യായിലെ സ്ഥിതി മോശമായിരുന്നപ്പോൾ മേജർ അർമേനിയാ പൊതുവെ ശാന്തമായിരുന്നു. വഗർഷപ്പാത്ത് (എച്ച്മിയാഡ്സിൻ) വീണ്ടും സഭയുടെ ആസ്ഥാനമാക്കുന്നതിന് 1441-ൽ അവിടെ കൂടിയ സുന്നഹദോസ് തീരുമാനിക്കുകയും കുറിയാക്കോസ് (സിറിയക്ക്) എന്ന സന്യാസിയെ കാതോലിക്കായാക്കുകയും ചെയ്തു. സിസിലെ ഗ്രിഗറി IX കാതോലിക്കാ (1439-46) ഈ നീക്കങ്ങളെ എതിർത്തില്ലെങ്കിലും സിസിലെ കാതോലിക്കേറ്റ് നിലനിർത്താൻതന്നെ തീരുമാനിച്ചു. ഈ കാതോലിക്കേറ്റ് ഇന്നും നിലനില്ക്കുന്നു. ഇരു കാതോലിക്കേറ്റുകളും സ്വതന്ത്രമായിരുന്നെങ്കിലും അർമേനിയായിലെ കാതോലിക്കേറ്റിന്റെ പ്രഥമസ്ഥാനം സിലിഷ്യായിലെ കാതോലിക്കേറ്റ് അംഗീകരിച്ചിരുന്നു. പൊതുവെ സഹകരണ മനോഭാവത്തോടെ പ്രവർത്തിച്ചു വന്ന ഈ കാതോലിക്കേറ്റുകൾ തമ്മിൽ എന്തെങ്കിലും തർക്ക

മുണ്ടായാൽ ചർച്ചകളിലൂടെ പരിഹരിച്ചിരുന്നു. ഫിലിപ്പ്, നാർസെസ് എന്നീ കാതോലിക്കാമാരുടെ കാലത്ത് ഇരു കാതോലിക്കേറ്റുകളിലെയും മേല്പട്ടക്കാർ 1652–ൽ ജറുസലേമിൽ കൂടി പരസ്പര ധാരണ വളർത്തുന്നതിന് ആവശ്യമായ തീരുമാനങ്ങളെടുത്തു. 20–ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തുർക്കികൾ സിസ് നശിപ്പിച്ചതോടെ സിലിഷ്യൻ കാതോലിക്കേറ്റ് 1929 മാർച്ച് നാലിന് ലബാനോൻ തലസ്ഥാനമായ ബെയ്റൂട്ടിനടുത്തുള്ള ആന്റിലിയാസ് (Antelias) ആസ്ഥാനമാക്കി.

സുൽത്താൻ മുഹമ്മദ് രണ്ടാമൻ 1461–ൽ യൊവാക്കിം എന്ന അർമേനിയൻ മെത്രാനെ പാത്രിയർക്കീസായി അംഗീകരിച്ചതോടെ കോൺസ്റ്റാന്റിനോപ്പിളിലെ (ഇസ്റ്റാംബൂൾ) അർമേനിയൻ പാത്രിയർക്കേറ്റ് സ്ഥാപിതമായി. അങ്ങനെ 15–ാം നൂറ്റാണ്ടായപ്പോഴേക്കും അർമേനിയൻസഭ അഞ്ചുസഭാദ്ധ്യക്ഷന്മാരുടെ (മൂന്ന് കാതോലിക്കാമാരും രണ്ട് പാത്രിയർക്കീസുമാരും) കീഴിലായി.

സിലിഷ്യൻ പ്രവാസകാലത്തും (1160–1441) തുടർന്നും റോമാസഭയുമായി അർമേനിയൻ സഭ പല ഐക്യ ചർച്ചകളും നടത്തിയിരുന്നു. പക്ഷേ കാര്യമായ ഫലമുണ്ടായില്ല. തുടർന്നുള്ള നൂറ്റാണ്ടുകളിൽ കുറെ അർമേനിയാക്കാർ റോമാസഭയിൽ ചേർന്നു. ഇവർക്കായി സിലീഷ്യായിലെ അർമേനിയൻ കത്തോലിക്കാ പാത്രിയർക്കേറ്റ് 1742–ൽ സ്ഥാപിച്ചു. 19–ാം നൂറ്റാണ്ടിൽ കുറെപ്പേർ പ്രൊട്ടസ്റ്റന്റ് സഭകളിൽ ചേർന്നു.

15,16 നൂറ്റാണ്ടുകളിൽ അർമേനിയാക്കാർ ഭാരതത്തിലും ഇറ്റലിയിലും മറ്റ് യൂറോപ്യൻ രാജ്യങ്ങളിലും കുടിയേറി. 18–ാം നൂറ്റാണ്ടിന്റെ അവസാനം റഷ്യ, അർമേനിയൻ പ്രദേശം ആക്രമിച്ചു കീഴടക്കി. 1829–ൽ അർമേനിയാ രാജ്യം റഷ്യ, പേർഷ്യ, ടർക്കി എന്നീ രാജ്യങ്ങളിലായി വിഭജിക്കപ്പെട്ടു. 1918–ൽ റഷ്യയിലെ അർമേനിയാ സ്വതന്ത്രമായി. 1921–ൽ സോവിയറ്റ് യൂണിയന്റെ ഒരു റിപ്പബ്ലിക്കായി.

ടർക്കിയിലെ അർമേനിയാക്കാർ പല പ്രാവശ്യം കൂട്ടക്കൊലയ്ക്ക് ഇരയായി. 1894–95–ൽ മൂന്നു ലക്ഷം പേരും 1909–ൽ മുപ്പതിനായിരം പേരും വധിക്കപ്പെട്ടു. 15 ലക്ഷം അർമേനിയാക്കാരാണ് 1915–ൽ ഓട്ടോമൻ തുർക്കികളുടെ കൂട്ടക്കൊലയ്ക്കിരയായത്. അർമേനിയക്കാരെ നിർമ്മൂലനാശം വരുത്തുകയായിരുന്ന ഈ കൂട്ടക്കൊലകളുടെ ലക്ഷ്യം. ഇതോടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അർമേനിയാക്കാർ കുടിയേറി.

സോവിയറ്റ് അർമേനിയായിൽ സഭ വലിയ പ്രശ്നങ്ങളില്ലാതെ കടന്നുപോയി. ഇക്കാലത്ത് അർമേനിയായ്ക്കു പുറത്തും സഭയ്ക്ക് വളർച്ചയുണ്ടായി. അർമേനിയായിൽ 1988 ലുണ്ടായ ഭൂകമ്പം വലിയ നാശനഷ്ടമുണ്ടാക്കി. സോവിയറ്റ് യൂണിയൻ തകർന്ന് 1991–ൽ അർമേനിയാ സ്വതന്ത്രമായതോടെ ഈ പുരാതന സഭ അതിന്റെ ജന്മസ്ഥലത്ത് ഒരു നവോത്ഥാനത്തിന്റെ പാതയിലാണ്. പുതിയ ഭദ്രാസനങ്ങൾ, ഇട



സുപ്രീം കാതോലിക്കോസ്
പ. കരേക്കിൻ II നർസിസിയാൻ

വകകൾ, സംഘടനകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയ്ക്കു തുടക്കം കുറിച്ചു. സ്കൂളുകളിൽ മത വിദ്യാഭ്യാസം നടപ്പാക്കി. വൈദികരുടെ കുറവും മറ്റ് മത വിഭാഗങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനവുമാണ് ഇന്ന് സഭ നേരിടുന്ന പ്രശ്നങ്ങൾ.

ഭരണപരമായി സ്വതന്ത്രമായ മറ്റു മൂന്നു സഭാ കേന്ദ്രങ്ങളും എച്ച്മിയാഡ്സിനിലെ മാതൃസഭാകേന്ദ്രവുമായി സംസർഗത്തിലാണ്. അവിടത്തെ സുപ്രീം കാതോലിക്കോസ് എല്ലാ അർമേനിയൻ ഓർത്തഡോക്സ്കാരുടെയും പരമാദ്ധ്യക്ഷനായി അംഗീകരിക്കപ്പെടുന്നു. ലോകമെങ്ങുമുള്ള 60 ലക്ഷത്തിലധികം അർമേനിയാക്കാർ എച്ച്മിയാഡ്സിൻ കാതോലിക്കേറ്റിന്റെ കീഴിൽ വരും. കരേക്കിൻ II നർസിസിയാൻ ആണ് ഇപ്പോഴത്തെ സുപ്രീം കാതോലിക്കാ. അദ്ദേഹം 1999 ഒക്ടോബർ 27–ന് അർമേനിയായുടെ 132–ാമത്തെ കാതോലിക്കായായി തെരഞ്ഞെടുക്കപ്പെട്ടു. Supreme Catholicos Patriarch of all Armenians എന്നാണ് അദ്ദേഹത്തിന്റെ സ്ഥാനപ്പേര്. മുൻഗാമി കരേക്കിൻ I സർക്കീസിയാൻ (1995–99) നേരത്തെ സിലീഷ്യായിലെ കാതോലിക്കായായിരുന്നു.

ആന്റിലിയാസ് ആസ്ഥാനമായുള്ള സിലീഷ്യൻ കാതോലിക്കേറ്റിൽ ലബാനോൻ, സിറിയാ സൈപ്രസ് തുടങ്ങിയ രാജ്യങ്ങളിലായി അഞ്ചു ലക്ഷത്തോളം അംഗങ്ങളുണ്ട്. ഇവിടത്തെ കാതോലിക്കായായിരുന്ന (1983–95) കരേക്കിൻ II സർക്കീസിയാൻ 1995 ഏപ്രിൽ ഒമ്പതിന് കരേക്കിൻ I എന്ന പേരിൽ എച്ച്മിയാഡ്സിനിലെ സുപ്രിം കാതോലിക്കായായി. മുമ്പ് പാത്രിയർക്കീസുമാർ സുപ്രിം കാതോലിക്കാമാരായിട്ടുണ്ടെങ്കിലും സിലീഷ്യായിലെ കാതോലിക്കാ സുപ്രിം കാതോലിക്കായാകുന്നത് ആദ്യസംഭവമാണ്. അദ്ദേഹത്തെ തുടർന്ന് ആരാം I കെഷീഷിയാൻ 1995 ജൂലൈ ഒന്നിന് സിലീഷ്യായിലെ 45–ാമത്തെ കാതോലിക്കായായി. Catholicos of the Great House of Cilicia എന്ന സ്ഥാനപ്പേരുള്ള ഇദ്ദേഹം ഇപ്പോൾ WCC യുടെ മോഡറേറ്ററാണ്.

ജറുസലേമിലെ അർമേനിയൻ പാത്രിയർക്കേറ്റിൽ ഇസ്രായേലിലും ജോർദാനിലുമുള്ള പതിനായിരം സഭാംഗങ്ങളുണ്ട്. സെന്റ് ജയിംസ് മൊണാസ്ടറിയാണ് ആസ്ഥാനം. അർമേനിയൻ സഭയുടെ വകയായുള്ള വിശുദ്ധസ്ഥലങ്ങളുടെ സംരക്ഷണം ഈ പാത്രിയർക്കേറ്റിനാണ്. 1990 മാർച്ച് 22–ന് ടേർക്കോം II മനൂഗിയാൻ ഇവിടുത്തെ 96–ാമത്തെ പാത്രിയർക്കീസായി.

കോൺസ്റ്റാന്റിനോപ്പിളിലെ (ഇസ്റ്റാംബൂൾ) അർമേനിയൻ പാത്രിയർക്കേറ്റിന് ടർക്കിയിൽ അവശേഷിക്കുന്ന അർമേനിയൻ സഭാംഗങ്ങളുടെമേൽ ഭരണാധികാരമുണ്ട്. ഇസ്റ്റാംബൂളിൽ 60000 പേരും അനറ്റോളിയായിൽ 10000 പേരുമാണ് ഇന്നുള്ളത്. 1914–ൽ 19 ലക്ഷം സഭാംഗങ്ങളും 12 അതിരൂപതകളും 27 രൂപതകളും 2900 ഇടവകകളും 1900 സ്കൂളുകളും 460 സന്യാസ സമൂഹങ്ങളും ഈ പാത്രിയർക്കേറ്റിൽ ഉണ്ടായിരുന്നു എന്നറിയുമ്പോൾ കൂട്ടക്കൊലയുടെ ഭീകരത വ്യക്തമാകും. 1998–ൽ മെസ്രോബ് II മുതഫിയാൻ ഇവിടുത്തെ 84–ാമത്തെ പാത്രിയർക്കീസായി.

ബെയ്റൂട്ട് (ലെബനോൻ) ആസ്ഥാനമായുള്ള അർമേനിയൻ കത്തോലിക്കാ റീത്തിൽ രണ്ടരലക്ഷം സഭാംഗങ്ങളുണ്ട്. സിലിഷ്യായിലെ അർമേനിയൻ കത്തോലിക്കാ പാത്രിയർക്കീസ് നർസെസ്



ബെദ്രോസ് XIX ഈ വിഭാഗത്തിനു നേതൃത്വം നൽകുന്നു.

അർമേനിയൻ സഭയിൽ കാതോലിക്കായുടെ കീഴ്സ്ഥാനിയാണ് പാത്രിയർക്കീസ്. എച്ച്മിയാഡ്സിനിലെയും ആന്റിലിയാസിലെയും കാതോലിക്കാമാർക്കു മാത്രമേ മെത്രാന്മാരെ വാഴിക്കാനും മൂറോൻ കൂദാശ ചെയ്യാനും അധികാരമുള്ളൂ. ജറുസലേമിലെയും ഇസ്റ്റാംബുളിലെയും പാത്രിയർക്കീസുമാർ ഉൾഭരണ സ്വാതന്ത്ര്യമുള്ള ആർച്ച്ബിഷപ്പുമാരാണ്. കാതോലിക്കേറ്റിനൊപ്പം സ്ഥാനമില്ലെങ്കിലും പാത്രിയർക്കേറ്റുകൾ ചരിത്രപരമായി പ്രാധാന്യമുള്ള സഭാകേന്ദ്രങ്ങളാണ്. ഈ പാത്രിയർക്കേറ്റുകളിലെ മെത്രാന്മാരെ എച്ച്മിയാഡ്സിനിലെ സുപ്രിം കാതോലിക്കായാണ് വാഴിക്കുന്നത്.

അർമേനിയൻ സഭയുടെ എല്ലാ മെത്രാന്മാരും ഭദ്രാസന അസംബ്ലികൾ തെരഞ്ഞെടുക്കുന്ന വൈദിക–അയ്മേനി പ്രതിനിധികളും ചേർന്ന നാഷണൽ എക്ലിസിയാസ്റ്റിക്കൽ അസംബ്ലിയാണ് എച്ച്മിയാഡ്സിനിലെ സുപ്രിം കാതോലിക്കോസിനെ തെരഞ്ഞെടുക്കുന്നത്. ഭദ്രാസനത്തിലെ വൈദികരും ഇടവക പ്രതിനിധികളും ചേർന്നതാണ് ഭദ്രാസന അസംബ്ലി. മൂന്നിലൊരു ഭാഗം വൈദികരും മൂന്നിൽ രണ്ടു ഭാഗം അയ്മേനികളും അടങ്ങുന്ന ഇലക്ടോറൽ അസംബ്ലിയും മെത്രാന്മാരും ചേർന്നാണ് സിലീഷ്യൻ കാതോലിക്കോസിനെ തെരഞ്ഞെടുക്കുന്നത്. ഇതിൽ സുപ്രിം കാതോലിക്കേറ്റിന്റെ പ്രതിനിധികൾക്കും വോട്ടവകാശമുണ്ട്. (1995–ൽ ആകെ 185 പ്രതിനിധികളുണ്ടായിരുന്നു).

മലങ്കരസഭയുമായി ഉറ്റബന്ധം പുലർത്തുന്ന സഭയാണിത്. ആമീദിൽ (ടർക്കിയിലെ ഡയാർബക്കീർ) വച്ച് 1865 ഏപ്രിൽ 30–ന് പുലിക്കോട്ടിൽ തിരുമേനിയെ മേല്പട്ടക്കാരനായി വാഴിച്ചപ്പോൾ ഒരു അർമേനിയൻ മെത്രാൻ പ. യാക്കോബ് ദ്വിതീയൻ പാത്രിയർക്കീസ് ബാവായോടൊപ്പം സഹകാർമ്മികത്വം വഹിച്ചിരുന്നു. റമ്പാൻ ഫാ. സി.എം. തോമസ് (പിന്നീട് തോമ്മാ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ) എച്ച്മിയാഡ്സിനിലെ സുപ്രിം കാതോലിക്കായുടെ കല്പന പ്രകാരം 1938 മാർച്ച് മുതൽ ആറു മാസം ലണ്ടനിലെ സെന്റ് സർഗീസ് അർമേനിയൻ പള്ളിയുടെ വികാരിയായി പ്രവർത്തിച്ചിട്ടുണ്ട്. സുപ്രിം കാതോലിക്കാ വസ്കൻ I 1963 നവംബറിൽ മലങ്കര സഭ സന്ദർശിച്ചു. ദേവലോകം കാതോലിക്കേറ്റ് അരമന ഉദ്ഘാടനം ചെയ്തത് (1963 നവംബർ 19) ഇദ്ദേഹമാണ്. ജറുസലേമിലെ അർമേനിയൻ പാത്രിയർക്കീസ് യെഗീഷേ ഡർഡേറിയൻ ഇതോടൊപ്പവും 1972 ഡിസംബറിലും മലങ്കര സന്ദർശിച്ചു. 1976 സെപ്റ്റംബറിൽ പരിശുദ്ധ മാർതോമ്മാ മാത്യൂസ് പ്രഥമൻ ബാവായും സംഘവും അർമേനിയാ സന്ദർശിച്ചു. കരേക്കിൻ I സർക്കീസിയാൻ കാതോലിക്കായുടെ സ്ഥാനാരോഹണ ശുശ്രൂഷയിൽ സംബന്ധിക്കാൻ ഇപ്പോഴത്തെ പരിശുദ്ധ കാതോലിക്കാ ബാവാ 1995 ഏപ്രിൽ മാസത്തിൽ അർമേ



സിലീഷ്യൻ കാതോലിക്കോസ്
പ. ആരാം I കെഷീഷിയാൻ

നിയാ സന്ദർശിച്ചു. മലങ്കര സഭ സന്ദർശിക്കാനുള്ള തയ്യാറെടുപ്പുകൾ നടക്കുന്നതിനിടയിലാണ് 1999 ജൂൺ 29–ന് ഇദ്ദേഹം കാലം ചെയ്തത്. പരിശുദ്ധ കാതോലിക്കാ ബാവായുടെ നേതൃത്വത്തിലുള്ള ഒരു സംഘം സെപ്റ്റംബർ 21 മുതൽ 24 വരെ നടക്കുന്ന 1700–ാം വാർഷിക ആഘോഷ പരിപാടികളിൽ സംബന്ധിക്കുന്നുണ്ട്.

അർമേനിയായും ഭാരതവും തമ്മിലുള്ള ബന്ധത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ദക്ഷിണ ഇൻഡ്യയിലെ ആദ്യത്തെ അർമേനിയാക്കാരൻ ക്നായിത്തോമ്മായാണെന്നും അദ്ദേഹം എ.ഡി. 780–ൽ മലബാർ തീരത്ത് എത്തിയെന്നും മെസ്രോബ് ജേക്കബ് സേത് Armenians in India (1937) പേജ് 612–ൽ പറയുന്നു. ഏതായാലും 15–ാം നൂറ്റാണ്ടിനുശേഷം ആഗ്രാ, ഡൽഹി, സൂറത്ത്, ബോംബെ, മദ്രാസ്, ഗ്വാളിയർ, ലക്നോ, കൽക്കട്ട തുടങ്ങിയ പട്ടണങ്ങളിൽ അർമേനിയാക്കാർ വാസമുറപ്പിച്ചിരുന്നു. മുഖ്യമായും വാണിജ്യപരമായ ആവശ്യത്തിനാണ് അവർ ഇൻഡ്യയിലെത്തിയത്. മുഗൾ ചക്രവർത്തിയായ അക്ബറിന്റെ ഭാര്യമാരിലൊരാളായ മറിയം സമാനി ബീഗം ഒരു അർമേനിയൻ ക്രിസ്ത്യാനിയായിരുന്നത്രേ. അക്ബറിന്റെ കല്പന പ്രകാരമാണ് ആഗ്രായിൽ 1562–ൽ ഇൻഡ്യയിലെ ആദ്യത്തെ അർമേനിയൻ പള്ളി സ്ഥാപിച്ചത്. തുടർന്ന് മറ്റു പല പട്ടണങ്ങളിലും അർമേനിയൻ പള്ളികൾ സ്ഥാപിക്കപ്പെട്ടു. അമ്പത് വർഷം മുമ്പ് ഇസ്ഫഹാൻ (ഇറാൻ) ഭദ്രാസനത്തിലായിരുന്നു ഇൻഡ്യയിലെ അർമേനിയൻ സഭാംഗങ്ങൾ.

ഇന്ന് ഏകദേശം 150 അർമേനിയാക്കാർ മാത്രമേ ഇൻഡ്യയിലുള്ളൂ. മിക്കവരും ബ്രിട്ടനിലും ആസ്ട്രേലിയായിലും കുടിയേറി. കൽക്കട്ടായിൽ രണ്ടു പള്ളികളും ഒരു കോളജും ഒരു സ്കൂളുമുണ്ട്. ഒരു അർമേനിയൻ വൈദികൻ 1724–ൽ സ്ഥാപിതമായ കൽക്കട്ടയിലെ ഹോളി നസറേത്ത് പള്ളിയുടെ ചുമതല വഹിക്കുന്നു. മദ്രാസിലും (1772) ബോംബെയിലും (1796) ഓരോ പള്ളി നാമമാത്രമായിട്ടുണ്ട്. ചില പള്ളികൾ നമ്മുടെ സഭയ്ക്ക് വിട്ടുതന്നു. പല അർമേനിയക്കാരും നമ്മുടെ പള്ളികളിൽ സംബന്ധിച്ചുവരുന്നു. സിഡ്നി (ആസ്ട്രേലിയാ) ആർച്ച് ബിഷപ്പ് ആഗാൻ ബലിയോസിയാൻ ഇൻഡ്യയിലെ അർമേനിയൻ സഭാംഗങ്ങളുടെ ചുമതല വഹിക്കുന്നു.

അർമേനിയൻ സഭയുടെ ആചാരങ്ങൾക്ക് പല പ്രത്യേകതകളുണ്ട്. വി. കുർബ്ബാനയിൽ പുളിപ്പില്ലാത്ത അപ്പം (പത്തീറ) ഉപയോഗിക്കുന്ന ഏക പൗരസ്ത്യ സഭയാണിത്. (റോമാ സഭ പത്തീറായാണ് ഉപയോഗിക്കുന്നത്). വി. കുർബ്ബാനയിൽ വെള്ളം ചേർക്കാതെ വീഞ്ഞ് ഉപയോഗിക്കുന്ന ഏക ക്രൈസ്തവസഭയും ഇതാണ്. ബിഷപ്പുമാരെ ഭരണ കാര്യങ്ങളിൽ സഹായിക്കാൻ വാർധാപെറ്റ് (Vartapet) എന്നറിയപ്പെടുന്ന സന്യാസി പട്ടക്കാർ (Archimandrite) ഉണ്ട്. ഇവരിൽ നിന്നാണ് ബിഷപ്പുമാരെ തെരഞ്ഞെടുക്കുന്നത്. അർമേനിയൻ സഭ പുരാതനമായ പതിവനുസരിച്ച് ക്രിസ്മസും ദനഹാ (എപ്പിഫനി) പെരുനാളും ഒരുമിച്ച് "തെയോഫനി" (Theophany) എന്ന പേരിൽ ജനുവരി ആറിന് ആഘോഷിക്കുന്നു. ക്രിസ്മസിന് ഇവർ വലിയ പ്രാധാന്യം കൊടുക്കുന്നില്ല. ജൂലിയൻ കലണ്ടർ (പഴയരീതി) സ്വീകരിക്കുന്ന വിശുദ്ധനാടുകളിലും മറ്റും ജനുവരി 19–നാണ് ഈ ആഘോഷം.

# പ്രവൃത്തികൾക്ക് അനുയോജ്യമായ പ്രതിഫലം അദോനീബേസക്കിന്റെ അനുഭവസാക്ഷ്യം

**ഫാദർ. ഏ. എം. വർഗീസ്, പന്തളം**

പ്രവൃത്തികൾക്ക് അനുയോജ്യമായ പ്രതിഫലം ഇല്ലെങ്കിൽ നാളെ-ഇവിടെയല്ലെങ്കിൽ അനന്തരജീവിതത്തിൽ അനുഭവിച്ചേ മതിയാവൂയെന്നുള്ള മഹത്തായ സത്യം സകല മതോപദേശങ്ങളും ഉയർത്തുന്ന മാറ്റൊലിയാണ്, അവനവന്റെ പ്രവൃത്തികളെപ്പറ്റി സമാധാനം ബോധിപ്പിക്കുവാനും പ്രവൃത്തികൾക്ക് അനുയോജ്യമായ പ്രതിഫലം പ്രാപിക്കുവാനുമായി സർവ്വശക്തൻ സജ്ജമാക്കുന്ന ഒരു നീതിന്യായ കോടതിയെപ്പറ്റി വിശുദ്ധ വേദപുസ്തകത്തിൽ പഴയ നിയമത്തിലും പുതിയ നിയമത്തിലും പ്രത്യേകം ഊന്നിപ്പറയുന്നുണ്ട്. സുവിശേഷത്തിൽ വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലെ പ്രതിപാദനം പ്രത്യേകം ശ്രദ്ധാർഹമാണ്. (മത്താ. 25:31-46)

> ***വാൾ എടുക്കുന്നവൻ വാളാൽ നശിക്കുവെന്നും, നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടുമെന്നും, വിതയ്ക്കുന്നത് കൊയ്യുമെന്നും യേശു നാഥൻ അരുളിച്ചെയ്തതിന്റെ അർത്ഥവും പ്രവൃത്തികൾക്ക് അനുയോജ്യമായ പ്രതിഫലത്തിലേക്ക് വിരൽ ചൂണ്ടുന്നു.***

വാൾ എടുക്കുന്നവൻ വാളാൽ നശിക്കുമെന്നും, നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടുമെന്നും വിതയ്ക്കുന്നത് കൊയ്യുമെന്നും യേശു നാഥൻ അരുളിച്ചെയ്തതിന്റെ അർത്ഥവും പ്രവൃത്തികൾക്ക് അനുയോജ്യമായ പ്രതിഫലത്തിലേക്ക് വിരൽ ചൂണ്ടുന്നു. അവൻ ഓരോരുത്തന് അവനവന്റെ പ്രവൃത്തിക്കു തക്ക പകരം ചെയ്യുമെന്ന് പരിജ്ഞാനിയായ പൗലോസ് ശ്ലീഹാ പറഞ്ഞിരിക്കുന്നു. (റോമർ 2:6) "അവൻ ഒരു കുഴി കുഴിച്ചുണ്ടാക്കി; കുഴിച്ച കുഴിയിൽ താൻ തന്നെ വീണു; അവന്റെ വേണ്ടാതനം അവന്റെ തലയിലേക്കു തിരിയും; അവന്റെ ബലാൽക്കാരം അവന്റെ നെറുകയിൽ ത്തന്നെ വീഴും, എന്നിപ്രകാരം സങ്കീർത്തനക്കാരൻ പറഞ്ഞിരിക്കുന്നതും പ്രത്യേകം ശ്രദ്ധേയമാണ്. (സങ്കീ. 7:15-16)

പ്രവൃത്തികൾക്ക് അനുയോജ്യമായ പ്രതിഫലത്തെപ്പറ്റി വിശ്വാസികളെ ബോധവാന്മാരാക്കുമാറു, അത്യധികം ആകർഷണീയമായ ശൈലിയിലും വാക്കുകളിലും വിശുദ്ധ കുർബാനയിൽ ചൊല്ലാറുള്ള ഭാഗം ചിന്തനീയമാണ്. തിന്മ ചെയ്യുവാൻ പ്രേരിപ്പിച്ച സാഹചര്യങ്ങളും അതിനു സഹായിച്ച ഘടകങ്ങളും ഒക്കേ കണക്കിലെടുത്ത് തക്ക ശിക്ഷ നൽകപ്പെടുന്നു. തന്റെ പടിവാതിൽക്കൽ വിശപ്പും ദാഹവും മൂലം വിവശനായി കഴിഞ്ഞിരുന്ന യാചകൻ ലാസറിനെ കരുതാതെ ആഡംബര ജീവിതത്തിൽ കഴിഞ്ഞ് കടന്നു പോയ ധനവാൻ അനുഭവിക്കുന്ന യാതന അനുയോജ്യമായിരുന്നു. അവന്റെ നാവ് ഒന്ന് തണുപ്പിക്കുവാൻ തുള്ളിവെള്ളത്തിനുവേണ്ടി യാചിക്കുന്നു. ആരെ അവഗണിച്ചുവോ ആ യാചകന്റെ വിരൽ വെള്ളത്തിൽ മുക്കി വെള്ളതുള്ളികൾ ഒഴിച്ചു കൊടുക്കുവാൻ കെഞ്ചുന്നു. പ്രവൃത്തിക്ക് അനുയോജ്യമായ പ്രതിഫലം, ഇനിയും വിഷയത്തിലേക്കു കടക്കാം.

പ്രവൃത്തികളുടെ അളവിനും തൂക്കത്തിനും അനുയോജ്യമായി തക്ക പ്രതിഫലം ഏറ്റുവാങ്ങേണ്ടിവരുന്ന നീതി വ്യവസ്ഥയ്ക്ക് ഉത്തമമായ ഉദാഹരണമാണ് അദോനീബേസക്കിന്റെ അനുഭവസാക്ഷ്യം അനുഭവസാക്ഷ്യത്തെക്കാൾ വലിയ അദ്ധ്യാപകനില്ല. അദോനീബേസക്കിന്റെ അനുഭവ കഥ ഹൃദയസ്പർശിയായ ഒരു സന്ദേശമാണ്. തിന്മയുടെ തിരിച്ചടികളെപ്പറ്റിയും ആഴമായി ചിന്തിച്ച് തെറ്റുകൾ തിരുത്തുവാനും പശ്ചാത്തപിച്ച് പാപ മോചനം പ്രാപിക്കുവാനും വ്യക്തികളെ സഹായിക്കുന്ന വഴിവിളക്കാണ് അദോനീബേസക്ക്.

കഥയുടെ കവാടം തുറക്കുമ്പോൾ കാര്യങ്ങൾ ഇപ്രകാരമാണ്. യോശുവായുടെ മരണശേഷം കനാന്യർക്കും പെരിസ്യർക്കും എതിരേയുള്ള പടപ്പുറപ്പാടിന്റെ പശ്ചാത്തലത്തിൽ യഹൂദായും ശിമയോനും ഒരുങ്ങിയിരിക്കുന്നു. പതിനായിരം പതിനായിരങ്ങളെ പരാജിതരാക്കി ശത്രുസംഹാരം തകൃതിയായി നടക്കുന്ന കൂട്ടത്തിൽ ബേസെക്കിൽവച്ച് അദോനീബേസക്ക് എന്ന ഭീകര എതിരാളിയുമായി ഏറ്റുമുട്ടുന്നു. യഹോവയുടെ പിൻ ബലത്തിൽ സമരരംഗത്തിറങ്ങിയ യഹൂദരുടെയും ശെമഓന്റെയും സമരസാമർത്ഥ്യത്തിന്റെ മുൻപിൽ പരാക്രമിയായ അദോനീബേസക്ക് പരാജിതനായി പലായനം ചെയ്യുന്നു. പക്ഷെ ഒരു രക്ഷാകേന്ദ്രം കണ്ടെത്തും മുൻപെ അവർ പിടിക്കപ്പെടുന്നു.

അത്യുന്നതനായ ദൈവത്തിന്റെ അത്ഭുതകമായ അടർക്കളത്തെപ്പറ്റി അതുവരെ അദോനീബേസക് ചിന്തിച്ചിരുന്നില്ല. അതെപ്പറ്റി ചിന്തിപ്പാൻ അവന് അവസരം ലഭിക്കുന്നു. അങ്ങ് അത്യുന്നതത്തിൽ വ്യാപരിക്കുന്ന ഒരു നിയമത്തെയും നീതിയേയും സംബന്ധിച്ച് അദോനീ ബേസക്കിനെ

ശേഷം 26-ാം പേജിൽ





# ഞായർദിന ചിന്തകൾ

**ഫാ. ജോസഫ് സാമുവേൽ കറുകയിൽ**



> **സ്വന്തം നിസ്സാരത മനസ്സിലാക്കി ദൈവത്തിന്റെ സമ്പന്നതയിൽ പ്രത്യാശ വെയ്ക്കുന്നവർക്കാണ് സ്വർഗ്ഗരാജ്യം. ദൈവമേ നീ പരിശുദ്ധനാകുന്നു എന്ന പ്രാർത്ഥനയിലൂടെ അവന്റെ വിശുദ്ധിയെ ഓർക്കയും എന്റെ അശുദ്ധി ഏറ്റുപറയുകയും ചെയ്യുന്നു.**

**സെപ്റ്റംബർ 16**
**സ്ലീബാപെരുന്നാളിനുശേഷം ഒന്നാം ഞായർ**
**വി. മത്തായി 5:1-12 or വി.മർക്കൊസ് 13:30-37**

വിശ്വപ്രസിദ്ധമായ കർത്താവിന്റെ പർവ്വതപ്രസംഗമാണ് ഇന്നത്തെ ചിന്താവിഷയം. സ്വതന്ത്ര ഇന്ത്യയുടെ അടുത്ത നയം പദ്ധതിയെന്താണ്? അടുത്ത നയം എന്താണ് എന്ന് മഹാത്മാഗാന്ധിയോടാരാഞ്ഞപ്പോൾ തന്റെ മേശപ്പുറത്തിരുന്ന വി. വേദപുസ്തകത്തിലെ ഗിരിപ്രഭാഷണം ആണ് അദ്ദേഹം എടുത്തു കാട്ടിയത്. ക്രിസ്തു മഹാരാജാവിന്റെ നയപ്രഖ്യാപനമാണിത്. ആരാണ് ഭാഗ്യവാന്മാർ എന്നു വിശദീകരിക്കുന്ന ഈ ഭാഗം, ഭാഗ്യവാന്മാരെന്നു നാം ധരിച്ചിരിക്കുന്ന പലതും വ്യത്യസ്തമാണെന്നു കാണിക്കുന്നു.

a) **ആത്മാവിൽ ദരിദ്രർ**- സ്വന്ത നിസ്സാരത മനസ്സിലാക്കി ദൈവത്തിന്റെ സമ്പന്നതയിൽ പ്രത്യാശ വെയ്ക്കുന്നവർക്കാണ് സ്വർഗ്ഗരാജ്യം. ദൈവമേ നീ പരിശുദ്ധനാകുന്നു എന്ന പ്രാർത്ഥനയിലൂടെ അവന്റെ വിശുദ്ധിയെ ഓർക്കയും എന്റെ അശുദ്ധി ഏറ്റുപറയുകയും ചെയ്യുന്നു.

b) **ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ:-** പല കാര്യങ്ങളിൽ ഇടപെട്ടോ, ലൗകിക കാര്യങ്ങളിലെ ബന്ധപ്പാടുകൾ കൊണ്ടോ ഉള്ള ദുഃഖമല്ല, ദൈവത്തിനായി അഥവാ നന്മ ചെയ്തതിന്റെ പേരിൽ ദുഃഖം പേറേണ്ടിവരുന്നവർ ഭാഗ്യവാന്മാരാണ്. അവർക്ക് ആശ്വാസം ലഭിക്കും.

c) **സൗമ്യതയുള്ളവർ ഭൂമിയെ അവകാശമാക്കും.** കരബലം കൊണ്ടും അഹംഭാവം കൊണ്ടും സകലവും പിടിച്ചടക്കാം എന്ന ധാരണയെ മാറ്റി മറക്കുന്നു. സൗമ്യത ബലഹീനതയായി കാണുന്ന ഇക്കാലത്ത് ക്രിസ്തു വചനം കേൾക്ക. ധിക്കാരികളും അഹങ്കാരികളും താളടിയാകും.

d) **നീതിക്കായി വിശക്കുക.** തൃപ്തി വരും:- വിശപ്പും ദാഹവുമകറ്റാൻ ത്യാഗം സഹിക്കുന്നവനേപ്പോലെ നീതി നടത്തുകയാണെന്റെ സംതൃപ്തി. നീതി ദൈവഹിതമാണ്. അതിനായി ദാഹിക്കുക. വിശക്കുക.

e) **കരുണയുള്ളവർ ഭാഗ്യവാന്മാർ:-** കരുണ ദൈവസ്വഭാവമാണ്. കരുണ പ്രതീക്ഷിക്കുന്നവർ കരുണ കാട്ടാൻ തയ്യാറാകണം.

f) **ഹൃദയശുദ്ധി**-ഹൃദയശുദ്ധിയാണ് ദൈവത്തെ കാണാനുള്ള മാർഗ്ഗം. പദവിയല്ല, പണമല്ല, സ്ഥാനമല്ല, കമ്മിറ്റിയിലെ അംഗത്വമല്ല.

g) **സമാധാനം നടത്തുന്നവർ:-** സമാധാനത്തിനു പാരപണിയുവാനല്ല, വ്യക്തി താത്പര്യത്തെക്കാൾ പ്രധാനം സമാധാനമാണ്. ദൈവത്തോടുള്ള നിരപ്പാണ് ഏറ്റം വലിയ സമാധാനം. അവൻ സമാധാനപ്രഭു. അവന്റെ മക്കൾ അതിന്റെ വക്താക്കളാകണം.

h) **നീതി നിമിത്തം പിഡിപ്പിക്കപ്പെടുക:-** ക്രിസ്തു, സ്തേഫാനോസ്, സ്നാപകയോഹന്നാൻ തുടങ്ങിയവർ നീതി നിമിത്തം ഉപദ്രവിക്കപ്പെടവർ. അവരുടേതാണ് സ്വർഗ്ഗരാജ്യം. സ്തേഫാനോസ്, കല്ലേറു കൊണ്ടപ്പോഴും, വി. യോഹന്നാൻ പത്മോസ് ദ്വീപിലും വെച്ച് അവ കണ്ടു.

i) **എന്റെ നിമിത്തം പഴി കേൾക്കുക, ഉപദ്രവം ഏൽക്കുക:-** നാം നിരപരാധികളായിരിക്കണം. കുറ്റാരോപണത്തിൽ സത്യം ഉണ്ടാകരുത്. ഹൃദയം കാണുന്ന ദൈവം പ്രതിഫലം നൽകും.

നാം ഭാഗ്യവാന്മാരോ? ഈ പട്ടികയിൽ നമ്മുടെ സ്ഥാനം എന്ത്?

**സെപ്തം. 22**
**സ്ലീബായിക്കുശേഷം രണ്ടാം ഞായർ**
**വി. മത്തായി 16:5-12**

അപ്പം എടുക്കുവാൻ മറന്നുപോയ ശിഷ്യന്മാർ യേശു പറഞ്ഞു, പരീശന്മാരുടെയും സാദൂക്യരുടെയും പുളിച്ചമാവിനെ സൂക്ഷിച്ചു കൊൾവിൻ. യേശുവിന്റെ പ്രസ്താവന മനസ്സിലാകാത്ത ശിഷ്യന്മാർ. യേശു നല്കുന്ന വിശദീകരണം എന്നിവയാണ് ഇന്നത്തെ വേദഭാഗം.

**1. മനസ്സിലിരിപ്പു പോലെ ദൈവ വചനം മനസ്സിലാകയുള്ളൂ.**

അപ്പം എടുത്തില്ലല്ലോ എന്ന ചിന്തയിലായിരുന്ന ശിഷ്യർക്ക് യേശു പറഞ്ഞ വചനം മനസ്സിലായത് അവരുടെ മനസ്സിലിരുന്ന അപ്പത്തിന്റെ കാര്യമായിട്ടാണ്. സ്ഥാനമാനങ്ങൾ, പള്ളിപ്രശ്നങ്ങൾ, തുടങ്ങിയവ മാത്രം ചിന്തിച്ച് പള്ളിയിലിരിക്കുന്നവന് കേൾക്കുന്ന ഏതും പ്രസംഗവും അവന്റെ മനസ്സിലിരിപ്പിനെ ആശ്രയിച്ചുമാത്രമെ വ്യാഖ്യാനം മനസ്സിലാകയുള്ളൂ.

**2. പരീശന്മാരുടെ ദുരപദേശങ്ങൾ സൂക്ഷിക്കുക.**

പുളിപ്പു പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്നപോലെ ദുരുപദേശ

## ഞായർദിന ചിന്തകൾ

ങ്ങൾ സഭാഗാത്രത്തെ മുഴുവൻ ബാധിക്കും. വിപരീതോപദേശങ്ങൾ സൂക്ഷിക്കണമെങ്കിൽ a) സത്യോപദേശം പഠിപ്പിക്കണം b) വിരുദ്ധോപദേശം തിരിച്ചറിയണം.

**3. ദുരുപദേശങ്ങളുടെ ഉദ്ദേശം രണ്ടാണ്.**

a) അപ്പൊ. 20:30 ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിക്കുക. അങ്ങനെ നേതാവാകുക.

b) തീത്തൊസ് 1:11 ദുരാദായം വിചാരിക്കുന്നു.

**4. അല്പവിശ്വാസികൾ ദൈവം ചെയ്തവ മറക്കുന്നു.**

കർത്താവ് ശിഷ്യരോടു പറയുന്നു അല്പ വിശ്വാസികളെ, അയ്യായിരങ്ങളെ അഞ്ചപ്പം കൊണ്ട് തൃപ്തി വരുത്തിയതും കുട്ട നിറയെ ചുമന്നെടുത്തതും നിങ്ങൾ മറന്നുവോ? അല്പ വിശ്വാസികൾ ദൈവം നൽകിയ നൻമകൾ മറക്കുന്നു. ജീവന്റെ അപ്പമായവൻ കൂടെയുണ്ടെന്നതും മറക്കുന്നു.

**സെപ്തം. 30**
**സ്ലീബാക്കുശേഷം മൂന്നാം ഞായർ**
**വി. മർക്കൊസ് 2:23-28**

ശബ്ബതിൽ വിളഭൂമിയിലൂടെ കടന്നുപോകുന്ന കർത്താവും ശിഷ്യന്മാരും. ശിഷ്യന്മാർ കതിർ പറിച്ചു തിന്നതും, പരീശന്മാർ അതിനെ ശബ്ബതു ലംഘനമായി കാണുന്നതും, യേശു അതിനു മറുപടി നൽകുന്നതുമാണ് ഇന്നത്തെ ചിന്താവിഷയം.

**1. പരീശഭക്തി നിയമത്തിന്റെ പേരിലുള്ള വ്യാജ എരിവാണ്.**

ശബ്ബതിനെ ശുദ്ധീകരിപ്പാൻ ഓർക്ക എന്ന പത്തു കല്പനയുടെ മറപിടിച്ച് യഹൂദർ ചമയ്ക്കുന്ന പല ഉപനിയമങ്ങൾ ഉണ്ട്. അതിന്റെ എരിവിൽ നിന്നു കൊണ്ടാണ് യേശുവിനെ പലപ്പോഴും ചോദ്യം ചെയ്യുന്നത്. എന്നാൽ അതിന്റെ നല്ല വശങ്ങൾ വിഴുങ്ങിയ ശേഷം അർത്ഥമില്ലാത്ത എരിവിനെ കർത്താവ് പരിഹസിക്കുന്നു. നിയമങ്ങൾ മനുഷ്യ നന്മക്കാണ് എന്ന വലിയ സത്യം ഉയർത്തിക്കാട്ടുന്നു.

**2. പരപരിശോധനയാണ് പരീശഭക്തിയുടെ മുഖ്യഘടകം.**

പരീശന്റെ പ്രാർത്ഥനയും, പ്രവർത്തനങ്ങളിലും കാണുന്നതിതാണ്. സ്വയ പരിശോധനയ്ക്ക് സമയം കണ്ടെത്താതെ പരപരിശോധന തൊഴിലാക്കിയിരിക്കുന്നവർ. നമ്മിലെ പരീശഭക്തി വിലയിരുത്തുക. പരപരിശോധനയ്ക്കു കാരണങ്ങൾ.

a) സ്വയം നീതീകരിക്കാൻ. ഇയ്യോബ് 40:8

b) സ്നേഹമില്ലായ്മ 1 പത്രൊ. 4-8

**3. തീഷ്ണത നല്ലതാണ്, പക്ഷെ നല്ല കാര്യങ്ങൾക്കാകണം.**

ദൈവത്തേക്കാൾ പ്രധാനം ദൈവാലയത്തിനല്ല, സൗഖ്യം നേടിയവരുടെ ആശ്വാസത്തേക്കാൾ അത് ശബ്ബതിലാണ് എന്ന ചിന്ത, പള്ളിയിൽ കയറിയില്ലെങ്കിലും കമ്മറ്റിക്കുള്ള തീഷ്ണത, പത്തുരൂപാ കൊടുത്തില്ലെങ്കിലും വല്ലവനും ഇട്ട പണത്തെക്കുറിച്ചുള്ള തീഷ്ണത. കുരിശു വരച്ചില്ലെങ്കിലും കുരിശിൻ തൊട്ടിയിൽ വീഴുന്ന കാശിനെക്കുറിച്ചുള്ള തീഷ്ണത. നാം തീഷ്ണതയുള്ളവരാണ്, കൊള്ളാം എന്നാൽ തീഷ്ണത എന്തിനുവേണ്ടി? ജനത്തിന്റെ നന്മയ്ക്കുവേണ്ടിയോ? സഭയുടെ കെട്ടു പണിക്കുവേണ്ടിയോ? ദൈവ രാജ്യത്തിനുവേണ്ടിയോ?

**ഒക്ടോബർ 7**
**സ്ലീബാക്കു ശേഷം നാലാം ഞായർ**
**വി. ലൂക്കോസ് 16:13-18**

രണ്ടു യജമാന്മാരെ സേവിപ്പാൻ ഒരു ഭൃത്യനും കഴിയില്ല എന്ന ഉദാഹരണത്തോടെ മനുഷ്യന് ദൈവത്തേയും ദ്രവ്യത്തേയും ഒന്നിച്ചു സേവിപ്പാനാകയില്ല എന്ന സത്യം കർത്താവ് പ്രസ്താവിക്കുന്നതാണ് ഇന്നത്തെ വേദഭാഗം.

**1. പണവും ഭക്തിയും തമ്മിലുള്ള ബന്ധം കരുതികൊള്ളണം.**

ജീവിക്കാൻ പണം വേണം, പള്ളി പണിയാൻ പണം വേണം, മറ്റുള്ളവനെ സഹായിക്കാൻ പണം വേണം, എന്നാൽ പണത്തോടുള്ള നമ്മുടെ മനോഭാവം എന്തായിരിക്കണം എന്നു കർത്താവു പഠിപ്പിക്കുന്നു. പണം നമ്മുടെ യജമാനനാകരുത്. ഇന്ന് യജമാനൻ പണവും ദൈവം ദാസനുമാണ് പലർക്കും. അതായത് എന്റെ പണം സൂക്ഷിക്കാനുള്ള ദാസൻ മാത്രമാണ് ദൈവം (വിശദീകരണത്തിന് ഈ ചെറിയ കുറിപ്പിൽ സൗകര്യം ഇല്ലല്ലോ)

**2. ദ്രവ്യാഗ്രഹികൾക്ക് ഇത് പരിഹാസമായിത്തോന്നാം.**

ദ്രവ്യാഗ്രഹികൾക്ക് പണത്തെക്കുറിച്ചുള്ള കർത്താവിന്റെ പ്രസ്താവന പരിഹാസ്യമാണ്. അവർക്ക് എങ്ങനെയും പണം എന്നതുമാത്രം വിഷയം. രണ്ട് യജമാനന്മാരെ (പണം, ദൈവം) ഒന്നിച്ചു കൊണ്ടുപോകാൻ ശ്രമിച്ച യൂദായുടെ അന്ത്യം ഓർക്കുക. ഒന്ന് പ്രൈമറി ആയിരിക്കുക. രണ്ടും പ്രൈമറിയാകാൻ പറ്റില്ല.

**3. മനുഷ്യമുമ്പാകെ ഉന്നതം ദൈവമുമ്പാകെ അറപ്പത്രെ**

മനുഷ്യപ്രീതി, പാദസേവ, മണിയടി, ഏതിനും ഉള്ളതൊലിക്കട്ടി. മനസ്സാക്ഷി മരവിച്ച അവസ്ഥ. കുറ്റബോധമില്ലാത്ത മനസ്സ്, ഇത്രയും ഉണ്ടെങ്കിൽ മനുഷ്യ മുമ്പാകെ നീതീകരിക്കപ്പെട്ടവരായും, സ്ഥാനമാനങ്ങൾ ലഭിക്കുന്നവരായും തീരാൻ വലിയ പ്രയാസം ഉണ്ടാവില്ല. എന്നാൽ ദൈവം നോക്കുന്നത് ഹൃദയമാണെന്ന് ഓർക്കുന്നതു കൊള്ളാം. മനുഷ്യ മുമ്പാകെ ഉന്നതരായാലും ഹൃദയം ദൂരത്തെങ്കിൽ നമ്മുടെ സ്ഥാനം പുറത്തെ അന്ധകാരം തന്നെ.

**4. മാറ്റം വരുന്ന ആകാശവും ഭൂമിയും, മാറ്റമില്ലാത്ത ദൈവവചനവും**

ആകാശവും ഭൂമിയും അതിന്റെ അവസ്ഥകൾക്കും ഇന്ന് മാറ്റങ്ങൾ കാണാം. ഭൂകമ്പം, ഭൂമികുലുക്കം, വർണ്ണ മഴ തുടങ്ങിയ പ്രതിഭാസങ്ങളിലൂടെ പ്രപഞ്ച സംവിധാനങ്ങൾക്ക് മാറ്റം സംഭവിക്കുന്നു. എന്നാൽ ദൈവത്തിന്റെ പ്രമാണങ്ങൾക്ക് മാറ്റമില്ലാതെ നിലനിൽക്കുന്നു. നാം ഏതിൽ ആശ്രയിക്കുന്നു? മാറുന്ന ധനത്തിലോ, മാറാത്ത ദൈവത്തിലോ?

**ഒക്ടോബർ 14**
**സ്ലീബായ്ക്കു ശേഷം അഞ്ചാം ഞായർ**
**വി. മത്തായി 23:1-12**

ശാസ്ത്രിമാരും പരീശന്മാരും നിയമാനുസൃതമുള്ള സ്ഥാനങ്ങൾ വഹിക്കുന്നതിനാൽ അവർ പറയുന്നതനുസരിക്കണമെന്നും എന്നാൽ അവരുടെ പ്രവർത്തികളിലുള്ള പൊള്ളത്തരങ്ങൾ അനുകരിക്കരുതെന്നും യേശു പഠിപ്പിക്കുന്ന വേദഭാഗമാണ് ഇന്നത്തെ ചിന്താവിഷയം.



## ഞായർദിന ചിന്തകൾ

**1. സ്ഥാനികളുടെ സ്ഥാനം അംഗീകരിച്ച് അനുസരിക്ക**

നിയമാനുസൃതം ഉള്ള സ്ഥാനങ്ങൾ അംഗീകരിക്കേണ്ടതുണ്ട്. അതിനാൽ അവർ പറയുന്ന പ്രമാണങ്ങൾ അനുസരിക്കുക. സ്ഥാനികൾ സ്ഥാനത്തിനനുസൃതമായതുമാത്രമേ പറയാവൂ എന്നത് മറ്റൊരു കാര്യം.

**2. പറച്ചിലും പ്രവർത്തനവും തമ്മിലുള്ള പൊരുത്തക്കേട് കർത്താവ് എടുത്ത കാട്ടുന്നു.**

ഭാരമുള്ള ചുമടുകൾ തോളിൽ വെച്ചു കൊടുക്കുന്നവർ വിരലുകൊണ്ടുപോലും തൊടുന്നില്ല എന്ന പ്രസ്താവന നമ്മെ സംബന്ധിച്ചിടത്തോളം എത്രമാത്രം ബാധകമാണ് എന്ന് സ്വയം ശോധന ചെയ്യാം. ഈ പൊരുത്തക്കേട് അനേകരെ ദൈവ വിരോധികളാക്കി മാറ്റുന്നുണ്ട്.

**3. മനുഷ്യ മുമ്പാകെ പ്രദർശനം നടത്തി പരിഹാസിതരാകുന്നവർ**

മുഖ്യാസനങ്ങൾക്കായുള്ള പരവേശം മൂലം പലപ്പോഴും നാ ദൈവമുമ്പാകെയും മറ്റുള്ളവരുടെ മുമ്പാകെയും പരിഹാസിതരാകുന്നു. സ്ഥാനങ്ങൾക്കനുസൃതമായ വസ്ത്രങ്ങൾ ഉണ്ട് എന്നാൽ വസ്ത്ര പ്രദർശനവും സ്വയപ്രദർശനവുമല്ല അതിലൂടെ ഉദ്ദേശിക്കുന്നത്. സ്ഥാനങ്ങൾക്കനുസൃതമായ പക്വതയും ദർശനവും, ദൈവവും സമൂഹവും നമ്മിൽ നിന്നു പ്രതീക്ഷിക്കുന്നു.

**4. പേരുവിളികളിൽ പ്രിയം കൊള്ളുന്നവർ**

റബ്ബീ എന്നു വിളിക്കുന്നതിൽ പ്രിയം കൊള്ളുന്നു. പേരുകളിൽ അറിയപ്പെടുവാൻ സ്ഥാനപ്പേരുകളിൽ അറിയപ്പെടുവാൻ നാം ആഗ്രഹിക്കുന്നു. അതിനാൽ പല സാഹസങ്ങളും കാട്ടി പലപ്പോഴും പരിഹാസിതരാകുന്നു. ഭൂമിയിൽ ആരെയും പിതാവ് എന്നു വിളിക്കരുത് എന്ന് പദം കൊണ്ട് വൈദീകരെ പിതാവെ (ഫാദർ) എന്നു വിളിക്കാൻ കൂട്ടാക്കാത്ത വിഭാഗങ്ങൾ ഉണ്ട്. മലയാളത്തിൽ അവർ അച്ചൻ എന്നു വിളിക്കും. ഇവിടെ ഉദ്ദേശിച്ചത് സ്വർഗ്ഗസ്ഥനായ ദൈവത്തിന്റെ സ്ഥാനം മറ്റാർക്കും ഇല്ല. അവനാണ് പിതാവ്. ക്രിസ്തുവാണ് നായകൻ. ●

## *മിഷണറി സ്ക്കൂളുകളും കണക്കെടുപ്പും.............*

തുല്യ പ്രാധാന്യം ആയിരുന്നുവെങ്കിൽപോലും അതാത് സംസ്ഥാനത്തെ പ്രൈമറി വിദ്യാഭ്യാസത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം സംസ്ഥാന സർക്കാരുകൾക്കു തന്നെ ആയിരുന്നു. ഇതിൽ നിന്നും വ്യത്യസ്തമായ ഒരു സമീപനമാണ് ഇത്തവണ ഉണ്ടായിരിക്കുന്നത്. സിലബസും കരിക്കുലവും നിർണയിക്കുന്നതിലും, ആരൊക്കെ ഇനിമുതൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഇടപെടണമെന്ന് നിശ്ചയിക്കുന്നതും കേന്ദ്ര ഭരണകൂടമായിരിക്കും.

ഇത്തരം ഇടപെടലിലൂടെ ക്രൈസ്തവ ഇസ്ലാം മതസമൂഹങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൈമോശം വരും എന്നത് തർക്കമറ്റ സംഗതിയാണ്. മിഷണറി സ്ക്കൂളുകളിൽ വി.എച്ച്.പി. യും ആർ.എസ്.എസ്. ഉം നടത്തുന്ന സ്ക്കൂളുകൾ പെടുന്നില്ല എന്നതാണ് ഈ കണക്കിലെ കളി. ആർ.എസ്.എസ്. ഇന്ന് രാജ്യത്തെ ഏറ്റവും വലിയ സാംസ്കാരിക സംഘടനയാണ്. ഈ സംഘടനയുടെ കീഴിൽ രാജ്യത്താകമാനം ഇരുപതിനായിരം (20,000) പ്രാഥമിക പാഠശാലകളുണ്ട്. എന്നാൽ മിഷണറി പ്രസ്ഥാനങ്ങൾക്ക് മൊത്തത്തിൽ ഇതിന്റെ പകുതിപോലും വിദ്യാലയങ്ങൾ വരുന്നില്ല.

പ്രാഥമിക പാഠശാലകളിലെ സിലബസും കരിക്കുലവും പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി വേദപഠനം ഒരു പ്രധാനവിഷയമായി മാറ്റിയിട്ടുണ്ട്. ഇത് ഹിന്ദുത്വത്തിന്റ വളർച്ചയെ സഹായിക്കുന്നതിനും, രാഷ്ട്രത്തിന്റെ ഔദ്യോഗികമതമായി ഹിന്ദുമതത്തെ പ്രതിഷ്ഠിക്കുന്നതിന്റെയും ഭാഗമാണ്. ഇന്നും വേദങ്ങളുടെ ഭൂമി ഇന്ത്യയിൽ എവിടെയെങ്കിലുമാണെന്ന കാര്യം ചരിത്രപരമായോ ശാസ്ത്രീയമായോ സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. ഈ പശ്ചാത്തലത്തിൽ രംഗപ്രവേശനം ചെയ്ത ചരിത്ര പുനരെഴുത്തു സമിതികളും നമ്മിൽ ഭീതി പരത്തുന്നു. ജനതയുടെ യഥാർത്ഥ ചരിത്രത്തെയും സംസ്ക്കാരത്തെയും തമസ്ക്കരിക്കുന്ന ഒരു വിദ്യാഭ്യാസ പ്രക്രിയ ഇവിടെ ആരംഭിച്ചു കഴിഞ്ഞു. ഈ വസ്തുതകൾ മനസിലാക്കി നാം പ്രതികരിച്ചേ മതിയാകൂ. ●

MATRIMONIAL

B.Sc Nurse, Employed in Kuwait (Ministry) fair, slim, beautiful 5'4", 27 years, God-fearing from respectable Syrian Christian Family (EKM Dist) seeks suitable alliance. Girl will be in Kerala on leave in Sept. Please contact K.V. George, Kallapara , Kizhakambalam, P.O. (Cochin).

Tel: 0484-680673 or 0481-563066

MATRIMONIAL

U.S. settled Jacobite Parents invite marriage proposal for their son, 32 years old, U.S. citizen, six feet, U.S. law graduate, working as corporation lawer in U.S; from parents of professionally qualified tall, pretty girl. Please respond with returnable full size photo and bio-data.

Please contact:

Phone:- 572226 6pm - 9am, 598816 11am - 3pm
or
T.G. Varghese, Attathrayil
Parampuzha P.O., Kottayam - 686032

# മലങ്കരസഭയിൽ നിന്നും ഒരു ചരിത്രോപഹാരം

*** ആധികാരികം  * ഔദ്യോഗികം  * സമ്പൂർണ്ണം**

*ഇത്തരമൊന്നാദ്യം............ എന്നും സൂക്ഷിക്കുവാൻ*

പരിശുദ്ധ പരുമല തിരുമേനിയുടെ ചരമ ശതാബ്ദി പ്രമാണിച്ച് മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ *മലങ്കരസഭ* യിൽ നിന്നും ഒരു റഫറൻസ് ഗ്രന്ഥം:



## പരുമലതിരുമേനി ചരമശതാബ്ദി സ്മരണിക

**ഡമ്മി 1/8 500 ഓളം പേജുകൾ, ഡീലക്സ് എഡിഷൻ**

**പ്രസിദ്ധീകരണം 2002 നവംബർ 2**

പ. പരുമലതിരുമേനിയുടെ സമഗ്രജീവചരിത്രം, ജീവിത സംഭാവനകൾ, സംഭവങ്ങൾ, കാലാനുക്രമണിക, അജപാലനത്വം (അഡ്മിനിസ്ട്രേഷൻ) ആരാധനാ, വേദശാസ്ത്ര സംഭാവനകൾ, അത്യപൂർവ്വമായ ഫോട്ടോകൾ, ജീവിത രേഖകൾ, മുതലായി പ. പിതാവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളെപ്പറ്റിയും ആധികാരിക പഠനങ്ങൾ.

*പരുമലതിരുമേനിയുടെ മദ്ധ്യസ്ഥതയിൽ നേടിയ അനുഗ്രഹങ്ങളുടെ സാക്ഷ്യങ്ങൾ ക്ഷണിക്കുന്നു. (പ്രസിദ്ധീകരണം വിദഗ്ധ കമ്മിറ്റിയുടെ സൂക്ഷ്മപരിശോധനയ്ക്കു ശേഷം മാത്രം.)*

## ഗവേഷണ തല്പരർക്ക് അവസരം

ഈ സ്മരണികയിലേക്ക് പ. പരുമലതിരുമേനിയുടെ ജീവിതവും കാലവുമായി ബന്ധപ്പെട്ട മൗലിക ഗവേഷണ പ്രബന്ധങ്ങൾ ക്ഷണിക്കുന്നു. ഗവേഷണം നടത്താൻ താൽപര്യമുള്ളവർ ബയോഡേറ്റയും ഉദ്ദേശിക്കുന്ന വിഷയത്തിന്റെ രണ്ടു പുറത്തിൽ കവിയാത്ത സിനോപ്സിസും സഹിതം അപേക്ഷിക്കുക. തിരഞ്ഞെടുക്കപ്പെടുന്ന പ്രോജക്ടുകൾക്ക് മിതമായ പ്രതിഫലം നൽകുന്നതാണ്. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 30.

വിലാസം:-

ചീഫ് എഡിറ്റർ

മലങ്കരസഭ, ദേവലോകം, കോട്ടയം-686 038,

ഫോൺ: 573234,

e-mail: malankara@sancharnet.in



# പള്ളിക്ക് പദവിയോ?....

ഗ്രീക്കു ഭാഷയിൽ പള്ളി എന്ന പദത്തിന് "ദൈവഭവനം" എന്നാണ് അർത്ഥം വിശ്വാസികൾ ഒന്നിച്ചു ചേർന്ന് ആരാധിക്കുന്ന സ്ഥലമാണ് പള്ളി അഥവാ ദേവാലയം.

**ബസലിക്ക:**

ആർച്ചോടുകൂടിയതോ താഴികകുടത്തോടു കൂടിയതോ ആയ വളരെ നീളത്തിൽ ഉള്ള പള്ളി എന്ന് അഡ്വ. പി.വി. വർഗീസ് എഴുതുന്നു. ഇതാണോ ബസലിക്ക? എ.ഡി. 313-ൽ റോമാസാമ്രാജ്യത്തിൽ പല സ്ഥലങ്ങളിലും പള്ളികൾ പണിയുവാൻ തുടങ്ങി പള്ളികൾ പണിയുന്നതിന് സ്വീകരിച്ച ശില്പ വിദ്യ റോമാ സാമ്രാജ്യത്തിലെ ബസലിക്ക (ഗവൺമെന്റ് കെട്ടിടം) ങ്ങളുടെ മാതൃകയായിരുന്നു. കുസ്തന്തീനോസ് ചക്രവർത്തി റോമിലെ പഴയ സെന്റ്. പീറ്റേഴ്സ് ബസലിക്കാ ഉൾപ്പെടെ പല നഗര ദേവാലയങ്ങളും പണിതു ആയതിനാൽ ബസലിക്കാ എന്നപദനം റോമൻ പാരമ്പര്യത്തിൽ നിന്ന് (ഗവൺമെന്റ് കെട്ടിടം) എന്ന അർത്ഥത്തിൽ വന്നതാണ്.

കത്തീഡ്രൽ: യൂറോപ്പിൽ ഗ്രാമങ്ങളിലും പട്ടണങ്ങളിലും ദേവാലയങ്ങൾ ഉയർന്നുവന്നു. ഇങ്ങനെ ആദ്യ കാലങ്ങളിൽ ഉയർന്നു വന്ന ദേവാലയങ്ങൾ ഗോഥിക് കലാവൈഭവത്തിൽ ആയിരുന്നു. ഭദ്രാസന ദേവാലയങ്ങൾ ആയിരുന്ന ദേവാലയത്തെ കത്തീഡ്രൽ എന്ന് വിളിക്കുന്ന പതിവ് ഉണ്ടായി. ഇതെ തുടർന്ന് പല നഗരങ്ങളിലും കത്തീഡ്രൽ നഗരം എന്ന് അറിയപ്പെടുവാൻ തുടങ്ങി കത്തീഡ്രലിന്റെ സ്വാധീനം ജനജീവിതത്തിലും യൂറോപ്യൻ സംസ്ക്കാരത്തിലും പ്രതിഫലിച്ചതിന്റെ ഫലമായി കത്തീഡ്രലിനോട് അനുബന്ധിച്ച് യൂണിവേഴ്സിറ്റികൾ ആശുപത്രികൾ സാമൂഹ്യ പ്രവർത്തനങ്ങൾ വളരുവാൻ തുടങ്ങി.

യൂറോപ്പിലെ നവോത്ഥാനം ശില്പകലയെ സ്വാധീനിച്ചതിന്റെ ഫലമായി ഗ്രീക്കും റോമനും ഇണങ്ങിചേർന്ന ഒരു ശില്പകലാശൈലിയിൽ പള്ളിയുടെ കവാടങ്ങളും താഴിക കുടങ്ങളും തൂണുകളും പണിതുയർത്തി- റോമിലെ സെന്റ് പീറ്റേഴ്സ് ബസലിക്ക നവോത്ഥാന കാലഘട്ടത്തിലെ വലിയ ദേവാലയമായിതീർന്നു പൗലോസ് മൂന്നാമൻ മാർപ്പാപ്പ മൈക്കൾ ആഞ്ചലോയെ ബസലിക്കായുടെ പ്രധാന ശില്പിയായി നിയമിച്ചു. നവോത്ഥാന കാലഘട്ടത്തിന്റെ അന്ത്യത്തിൽ ബറോക്ക് ശൈലി പ്രത്യക്ഷപ്പെട്ടു തുടങ്ങി. ഇപ്രകാരം രൂപം കൊണ്ടതിനെ ഫേറോന എന്നറിയപ്പെട്ടു എന്ന് കരുതുന്നു.

കപ്പേള: "കുരിശിൻ തൊട്ടിയ്ക്കും പകരമായി കത്തോലിക്കാ സഭയിൽ ഉള്ളത്" എന്ന് അഡ്വ. പി.വി. വറുഗീസ് എഴുതുന്നു. കപ്പേള=(പോർട്ടുഗീസ് വാക്ക്) ചെറിയപള്ളി അഥവ ചാപ്പൽ = കപ്പേള എന്നർത്ഥം. കുരിശിൻതൊട്ടിയും കുരിശടിയുമല്ല.

ഭാരതത്തിലെ മാർതോമ്മാ ക്രിസ്ത്യാനികൾക്ക് പണ്ടു മുതൽ ഉണ്ടായിരുന്ന പള്ളികൾക്ക് പള്ളികളുടേതായ പദവി (ദൈവഭവനം) എന്ന പദവി ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ബസലിക്കായും കത്തീഡ്രലും ഫേറോനായും വലിയ പള്ളിയും ചെറിയ പള്ളിയും, മിഷൻ പള്ളിയും ചാപ്പലും കുരിശടികളും കപ്പേളങ്ങളും കൂടിയപ്പോൾ "പദവി" കളുടെ പിരിമുറക്കത്തിലാണ്.

സഭയിലെ നിയമ പണ്ഡിതന്മാരാണ്. ഈ പിരിമുറക്കത്തിന്റെ പ്രധാന ശില്പികൾ കാരണം ഒരു പുതിയ കുരുക്ക് രൂപപ്പെടുത്തി പള്ളികളുടെ പേരിൽ വിട്ടാൽ തലമുറ തലമുറയായി ഈ കുരുക്ക് അഴിയാതെ കിടക്കും. നിയമജ്ഞർക്ക് തലമുറയ്ക്ക് കഴിയാനുള്ളവ അതിൽ നിന്ന് സ്വരൂപിക്കുന്നു.

പള്ളികൾ വലുതായാലും ചെറുതായാലും പേരെന്തായാലും ദൈവനാമം മഹത്വപ്പെടുവാൻ വേണ്ടി പണിതുയർത്തിയിരിക്കുന്നതാണ് എന്ന ബോധവും ദർശനവും ഉണ്ടാകണം. ദേവാലയ ശില്പ കലയിലെ അടിസ്ഥാന തത്വം ദേവാലയം സ്വർഗ്ഗത്തെ പ്രതിബിംബിക്കണം എന്നതാണ്.

റവ. ഫാ. ജെയിംസ്
കുറ്റിക്കണ്ടം, ഹൈദ്രബാദ്

## കത്തീഡ്രലും ബസിലിക്കായും

1996-ന് മുമ്പ് നമ്മുടെ സഭയിൽ കത്തീഡ്രൽ എന്ന പേരിൽ ഒരു പള്ളിയും അറയപ്പെട്ടിരുന്നില്ല. പുതിക്ക പണിത കോട്ടയം മാർ ഏലിയാ ചാപ്പൽ മദ്ബഹായുടെ കൂദാശ വേളയിൽ ഈ പള്ളിയെ പൗരസ്ത്യ കാതോലിക്കായുടെ കത്തീഡ്രൽ ആയി ഉയർത്തുന്നത് ഉചിതമായിരിക്കുമെന്നുള്ള മാത്യൂസ് മാർ അത്താനാസിയോസ് തിരുമേനിയുടെ (പിന്നീടു മാത്യൂസ് പ്രഥമൻ കാതോലിക്കാ) അഭിപ്രായം അംഗീകരിച്ചു പ. ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ 1996 മാർച്ച് മാസം 27-ാം തീയതി സഭയുടെ പ്രഥമ കത്തീഡ്രൽ ആയി ഈ പള്ളിയെ പ്രഖ്യാപിച്ചു.

പിന്നീടു പല ഭദ്രാസനങ്ങളിലും കത്തീഡ്രലുകൾ ഉണ്ടായി. എന്നാൽ ഒരു ഭദ്രാസനത്തിൽ ഒരു കത്തീഡ്രൽ എന്നുള്ള തന്ത്രം ലംഘിച്ച് ഒന്നിൽ കൂടുതൽ കത്തീഡ്രലുകൾ ചില ഭദ്രാസനങ്ങളിൽ ഉണ്ടായി. ഇത് നിർഭാഗ്യകരവും അനുചിതവുമായ ഒരു നടപടിയായി മാത്രമേ പരിഗണിക്കുവാൻ നിവർത്തി ഉള്ളൂ. സമ്മർദ്ദങ്ങൾ ഉണ്ടായെങ്കിലും ഇതിനെ എതിർത്ത് തത്വങ്ങൾ പാലിക്കപ്പെടേണ്ടതായിരുന്നു.

ഒരു ഭദ്രാസനത്തിന് ഒരു മെത്രാപ്പോലീത്താ, ഒരു കത്തീഡ്രൽ, എന്നുള്ളതാണ് ശരിയും, അഭികാമ്യവും. ഭാവിയിലെങ്കിലും ഇതു പാലിക്കാൻ ശ്രദ്ധിക്കണമെന്ന് മാത്രമേ ഇപ്പോൾ പറയുവാൻ സാധിക്കുകയുള്ളൂ.

പി. സി. ചെറിയാൻ മടുക്കാനി

പള്ളികളുടെ പദവിയെ സംബന്ധിച്ചുള്ള പ്രതികരണങ്ങൾ ഇതോടെ അവസാനിക്കുന്നു. - പത്രാധിപർ

**MATRIMONIAL**

Orthodox Engineer B.Tech (Mech.) handsome 26/173, now working in reputed firm in Hyderabad. presently in USA on assignment, returning early November. Seeks alliance. Girl below 24 years B.Tech preferred.

Box No. 262
C/o Malankara Sabha
Kottayam-686038

# സൺഡേസ്ക്കൂൾ വാർത്ത

കുഞ്ഞുങ്ങൾ മുതിർന്നവർക്കു മാതൃക: 2001-ലെ ജീവകാരുണ്യദിന സ്തോത്ര കാഴ്ച ഈ പ്രാവശ്യം നാലു സ്ഥാപനങ്ങൾക്കായി നൽകപ്പെട്ടു. അവയിൽ മഞ്ഞപ്രയിലും വടവുകോടുമുള്ള മാർ ബസേലിയോസ് ചിൻഡ്രൻസ് ഹോമിന് നൽകിയ 70,000 രൂപാ സ്വീകരിച്ചുകൊണ്ട് ആസ്ഥാപനങ്ങളുടെ പ്രസിഡണ്ടായ പൗലോസ് മാർ മിലിത്തിയോസ് തിരുമേനി എഴുതി: "നമ്മുടെ സഭയിൽ സൺഡേസ്ക്കൂൾ പ്രസ്ഥാനം ചെയ്യുന്ന മാതൃകാപരമായ ജീവകാരുണ്യപ്രവൃത്തി ദൈവസന്നിധിയിൽ വളരെ വിലപ്പെട്ടതായിരുന്നു. കുട്ടികൾക്കുവേണ്ടി മുതിർന്നവർ ചെലവഴിക്കുകയാണു പതിവ്. എന്നാൽ കുട്ടികൾ സാധുക്കളായ മറ്റുള്ളവരെ കരുതുന്നത് ഒരു നിസ്സാരകാര്യമല്ല. ആ വിധത്തിൽ സൺഡേസ്ക്കൂൾ പ്രസ്ഥാനത്തെ ക്രമപ്പെടുത്തിയതിൽ അച്ചനോടുള്ള അളവറ്റ നന്ദി പ്രകാശിപ്പിക്കുന്നു.

ശ്രീ. ഉല്ലാസിന്റെ നിര്യാണം:- കുന്നംകുളം ഭദ്രാസനത്തിലെ സൺഡേസ്ക്കൂൾ ഡയറക്ടറായി കഴിഞ്ഞ അനവധി വർഷങ്ങൾ പ്രശസ്ത സേവനം നിർവ്വഹിച്ച ശ്രീ. ഉല്ലാസ് നിര്യാതനായ വിവരം എല്ലാ പ്രവർത്തകരെയും ഖേദപൂർവ്വം അറിയിക്കുന്നു. ഒരു ചക്ക വീണ് നട്ടെല്ലിനുണ്ടായ ക്ഷതമാണ് മരണകാരണമായത്. അപകടമുണ്ടായി ആശുപത്രിയിൽ കഴിയുന്ന സമയത്തും മരണാനന്തരവും സൺഡേസ്ക്കൂൾ കേന്ദ്ര ഓഫീസിൽ നിന്നു പ്രവർത്തകർ സന്ദർശിച്ച് പ്രാർത്ഥിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു. സൺഡേസ്ക്കൂളിൽ മാത്രമല്ല, ഭദ്രാസനത്തിലെ എല്ലാ ആത്മീയ പ്രസ്ഥാനങ്ങളിലും സജീവ നേതൃത്വം വഹിച്ച വ്യക്തിയായിരുന്നു ശ്രീ. ഉല്ലാസ്. കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തുകയും പരേതനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഒ.വി.ബി.എസ്.-2002:- അടുത്ത വർഷത്തെ ഒ.വി.ബി.എസ്. ന്റെ ചിന്താവിഷയം "എന്റെ മുഖം അന്വേഷിപ്പീൻ" (സങ്കീ. 27:8) എന്നുള്ളതാണ്. ഈ വിഷയത്തെ ആസ്പദമാക്കിയും അല്ലാതെയുമുള്ള ഗാനങ്ങൾ ക്ഷണിക്കുന്നു. ഗാനങ്ങൾ ട്യൂൺ ചെയ്തു കാസറ്റിൽ ആക്കി ഒക്ടോബർ 15-നു മുമ്പ് ദേവലോകം സൺഡേസ്ക്കൂൾ ഓഫീസിൽ ലഭിക്കത്തക്കവണ്ണം അയച്ചു തരേണ്ടതാണ്. ഗാനങ്ങൾ ലളിതഗാന ആലാപന സുഖം ഉള്ളതായിരിക്കണം.

എസ്.എസ്.എൽ.സി. അവാർഡു തുക വർദ്ധിപ്പിച്ചു:- സൺഡേസ്ക്കൂൾ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന എസ്.എസ്.എൽ.സി. അവാർഡ് അടുത്ത വർഷം മുതൽ 2000 രൂപയാക്കി വർദ്ധിപ്പിച്ചു. പരീക്ഷാഫലം അറിഞ്ഞാൽ താമസം വരുത്താതെ, ഉന്നത മാർക്കു കരസ്ഥമാക്കിയവർ അതതു ഹെഡ്മാസ്റ്റർ വഴി ഭദ്രാസന ഡയറക്ടറെ രേഖാമൂലം അറിയിക്കേണ്ടതാണ്. എങ്കിൽ മാത്രമേ അവർക്ക് യഥാസമയം കേന്ദ്രത്തിൽ വിവരം നൽകാൻ കഴിയൂ.

**വാർഷിക സമ്മേളനവും കംപ്യൂട്ടർ ഉൽഘാടനവും**

അസോസിയേഷൻ 36-ാമതു വാർഷിക സമ്മേളനം ഓഗസ്റ്റ് 10,11 തീയതികളിൽ കേന്ദ്ര ഓഫീസിൽ നടന്നു. പ്രസിഡന്റ് മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ച സമ്മേളനം പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി ഉൽഘാടനം ചെയ്തു. സമ്മേളനത്തിൽ കാനഡാ, യു.കെ. ഭദ്രാസനങ്ങളുടെ തോമസ് മാർ മക്കാറിയോസ് തിരുമേനി മുഖ്യ പ്രഭാഷണം നടത്തി. ജീവകാരുണ്യ ദിനകർമ്മ സ്തോത്ര കാഴ്ചയിൽ ലഭിച്ച രണ്ടു ലക്ഷം രൂപ സഭയിലെ വിവിധ ജീവകാരുണ്യസ്ഥാനങ്ങൾക്കു നൽകി. എസ്.എസ്.എൽ.സി. അവാർഡ്, സൺഡേസ്ക്കൂൾ പ്രതിഭ, വിജ്ഞാനി, പ്രവീൺ എന്നീ അവാർഡുകൾ അർഹരായ വിദ്യാർത്ഥികൾക്കു നൽകി.

ഓഫീസ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ തക്കവണ്ണം ഒരു കംപ്യൂട്ടർ സ്ഥാപിച്ചു. അതിന്റെ ഉൽഘാടനം പ്രസിഡണ്ടു തിരുമേനി നിർവ്വഹിച്ചു.

പ്രവർത്തകർക്കുള്ള മാർഗ്ഗനിർദ്ദേശരേഖ ഓഫീസിൽ നിന്നു നൽകുകയുണ്ടായി. അതിൽ പ്രസക്തമായവ ഇവിടെ ചേർക്കുന്നു. കേന്ദ്രത്തിൽ നിന്നു ലഭിക്കുന്ന അറിയിപ്പുകൾ ഇൻസ്പെക്ടർമാർ യഥാസമയം യൂണിറ്റുകളിൽ എത്തിക്കണം. പ്രത്യേകിച്ചും പരീക്ഷകൾ, മത്സരങ്ങൾ, ജീവകാരുണ്യദിനം, സൺഡേസ്ക്കൂൾ ദിനാചരണം പരീക്ഷാഫലം തുടങ്ങിയവ. ഇക്കാര്യങ്ങളിൽ ഡിസ്ട്രിക്ട് പ്രതിനിധിയുടെ സേവനം ഉപയോഗപ്പെടുത്താം. 2) 2001 വരെ മാത്രമേ പത്താം ക്ലാസ്സിൽ പ്രൈവറ്റു രജിസ്ട്രേഷൻ നിലവിലുള്ള രീതി തുടരുകയുള്ളു. 2002 മുതൽ, കേന്ദ്ര ലവലിൽ നടത്തുന്ന ഒരടിസ്ഥാന പരീക്ഷയിൽ ജയിക്കുന്നവർക്ക് ഭദ്രാസന ഡയറക്ടറുടെ ശുപാർശ പ്രകാരം മാത്രമേ പ്രൈവറ്റായി എഴുതുവാൻ സാധിക്കുകയുള്ളു. അതിന്റെ വിശദവിവരങ്ങൾ സർക്കുലർവഴി പിന്നാലെ അറിയിക്കുന്നതാണ്.

3) കവർ, കാണിക്ക-എന്നീതുകകൾ ഓഗസറ്റ് 15-നുമുമ്പ് ശേഖരിച്ച് സെപ്റ്റംബർ 20-നുമുമ്പായി കേന്ദ്രത്തിൽ ഏല്പിച്ചിരിക്കണം. അങ്ങനെ ചെയ്യാത്ത സ്ക്കൂളുകൾക്ക് മത്സരങ്ങളിൽ ചേരാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

4) സർട്ടിഫിക്കറ്റ് പുതിയരീതിയിൽ: 2001 മുതൽ പത്താം ക്ലാസ്സിലെ പരീക്ഷയ്ക്കു നൽകുന്ന സർട്ടിഫിക്കറ്റ് പുതിയ രൂപത്തിലായിരിക്കും. ഇൻസ്പെക്ടർമാർ മാർച്ച് 31-നുമുമ്പ് കേന്ദ്രത്തിൽനിന്ന് അവ ഏറ്റുവാങ്ങേണ്ടതാണ്. മേലിൽ, മാർക്കുലിസ്റ്റ് ഭദ്രാസന ഡയറക്ടർമാർക്കു മാത്രമേ അയയ്ക്കുകയുള്ളു. അവരിൽ നിന്നും ഇൻസ്പെക്ടർമാർ വാങ്ങി സ്ക്കൂളുകൾക്കു നൽകുകയാണു വേണ്ടത്.

മാർക്കു കുറഞ്ഞുപോയാൽ മെച്ചപ്പെടുത്തുവാൻ വേണ്ടി പിന്നീട് പരീക്ഷയെഴുതുവാൻ അനുവദിക്കുന്നതല്ല.ഉത്തരക്കടലാസ് ആർക്കെങ്കിലും പുനഃപരിശോധന വേണമെന്നാഗ്രഹിച്ചാൽ 50 രൂപ ഫീസ് അടച്ച് അപേക്ഷിക്കാം. ഫലം ഹെഡ്മാസ്റ്ററെ അറിയിക്കും.

5) സ്ക്കോളർഷിപ്പും, സഹായധനവും:- ഡേവിഡ് കോറെപ്പിസ്ക്കോപ്പ, എൻഡോവ്മെന്റിൽ നിന്നും വിദ്യാർത്ഥികൾക്കു നൽകുന്ന സ്കോളർഷിപ്പിന്, നിശ്ചിത അപേക്ഷാഫോറത്തിൽ ഒക്ടോബർ 31-നു മുമ്പ് അപേക്ഷിക്കണം. സൺഡേസ്ക്കൂൾ പ്രവർത്തകർക്കു നൽകുന്ന ഫാ. സി.വി. ജോർജ്ജ് കോറെപ്പിസ്ക്കോപ്പാ എൻഡോവ്മെന്റിൽ നിന്നുള്ള സഹായധനത്തിന് നിശ്ചിത ഫോറത്തിൽ, ഡയറക്ടറുടെ ശുപാർശയോടൊപ്പം, ഫെബ്രുവരി 28-നു മുമ്പ് അപേക്ഷിക്കണം. വൈകി വരുന്ന അപേക്ഷകൾ പരിഗണിക്കുവാൻ സാധ്യമല്ല.

പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക: വേഗത്തിൽ നാം വർഷാവസാനത്തിലേക്ക് നീങ്ങുകയാണ്. പാഠങ്ങൾ യഥാസമയം പൂർത്തിയാക്കുന്നതിനും, കുട്ടികളെ വാർഷിക പരീക്ഷയ്ക്ക് സജ്ജമാക്കുന്നതിനും അധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

സ്നേഹാശംസകളോടെ

ഫാദർ. റ്റി. ജെ. ജോഷ്വ.
(ഡയറക്ടർ ജനറൽ)



## പാവന സ്മരണയ്ക്ക്

## 15-ാം ചരമവാർഷികം

## 24-09-2001



# Rev. Fr. Yakoob O.I.C.

**Bethany Ashramam, R. Perunad**

*Inserted by*

സന്തപ്ത കുടുംബാംഗങ്ങൾ

*Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2001*

**THE MALANKARA SABHA**, CATHOLICATE OFFICE, KOTTAYAM-686 038

40-ാം ചരമദിനം

(19-09-2001)



*"പ്രാർത്ഥനയിൽ മേൻമേൽ എന്നെ ഓർപ്പീൻ*
*എന്നെ മറന്നീടാൻ ഇടയാകരുതെ"*

# M. MATHEW MUTHOOTT

**Founder - Muthoott Group**
**Chairman - Muthoott Mini Group**

*Inserted by: Sorrowing Family*

PRINTED AND PUBLISHED BY FR. T.A. EDAYADI FOR ORTHODOX VISWASA PARIPALANA SAMITHY, KOTTAYAM.
PRINTED AT CATHOLICATE PRESS, KOTTAYAM-38. CHIEF EDITOR REV. DR. JACOB KURIAN. RS. 5/-